ബാല കുസുമം

പുസ്തകം 11
ലക്കം 11

2024 ഒക്ടോബർ

# ചുക്കുടു വണ്ടി

**എ**ഞ്ചിനില്ല, പെഡലില്ല, ബ്രേക്കില്ല, ബെല്ലില്ല! മധ്യ ആഫ്രിക്കൻ രാജ്യമായ കോംഗോയുടെ കിഴക്കൻ ഭാഗങ്ങളിൽ കാണപ്പെടുന്ന ചുക്കുടു വണ്ടി വേറെ ലെവലാണ്. മരം ഉപയോഗിച്ച് നിർമ്മിക്കുന്ന ഈ വണ്ടി ചരക്കുനീക്കത്തിനാണ് പ്രധാനമായും ഉപയോഗിക്കാറുള്ളത്. ഒരു കാൽമുട്ട് ഡെക്കിൽ വച്ച് മറ്റേ കാൽ കൊണ്ട് നിലത്തു ചവിട്ടി തള്ളിയാണ് വണ്ടിയോടിക്കുക. ടയറുകളിൽ റബ്ബർ മഡ്ഫ്ലാപ്പുകളും ഹാൻഡിൽ ഭാഗത്ത് സ്പ്രിങ്ങുകളും ചേർത്ത് പരിഷ്കരിച്ച വണ്ടികളും കാണാം. വലിയ ചുക്കുടു വണ്ടിക്ക് ഏകദേശം 800 കിലോഗ്രാം ഭാരം വഹിക്കാൻ കഴിയും. 12000 രൂപയോളം വിലവരും ഒരു ചുക്കുടു വണ്ടിക്ക്! ദരിദ്ര രാജ്യമായ കോംഗോയിൽ ഒരു ചുക്കുടുവണ്ടി സ്വന്തമായുള്ളവർ സമ്പന്നരായി കണക്കാക്കപ്പെടുന്നു!



# താൻ കുഴിച്ച കുഴിയിൽ താൻ തന്നെ...

**ഘോ**രവനത്തോട് ചേർന്നു നിൽക്കുന്ന ഒരു ഗ്രാമത്തിലാണ് അയാൾ ജീവിച്ചിരുന്നത്. കുറഞ്ഞ വീടുകളേയുള്ളൂ ആ ഗ്രാമത്തിൽ. ദുഷ്ടബുദ്ധിയായ അയാൾക്ക് ആ ഗ്രാമത്തിലെ ജനങ്ങളെ പലതും കാട്ടിക്കൂട്ടി പറ്റിക്കുകയെന്നത് ഒരു വിനോദമായിരുന്നു. രാത്രികളിൽ ഇടയ്ക്കിടെ അയാൾ പുലിയുടെയും നരിയുടെയും ആനയുടെയുമൊക്കെ ശബ്ദമുണ്ടാക്കി ജനങ്ങളെ ഭയപ്പെടുത്തും. ആനയിറങ്ങി, കടുവയിറങ്ങി, രക്ഷിക്കണേ... എന്ന് മുറവിളി കൂട്ടും. ജനങ്ങൾ വടിയും കുന്തവും പടക്കവും വെളിച്ചവുമൊക്കെയായി ഓടിക്കൂടും. അപ്പോൾ അയാൾ ഒരു കള്ളച്ചിരിയോടെ വീട്ടിൽ നിന്നിറങ്ങി വന്നു കള്ളം പറയും: 'ഇതാ, ആന ഈ വഴി ഇപ്പൊ പോയതേയുള്ളൂ.'

'അതാ അവിടെയാണ് ഞാൻ കടുവയെ കണ്ടത്. അതെന്റെ നേരെ കുതിച്ചതാണ്, ഞാൻ ഓടി രക്ഷപ്പെടുകയായിരുന്നു' എന്നൊക്കെ.

ജനങ്ങൾ ഗ്രാമം മുഴുവൻ അരിച്ചുപെറുക്കിയാലും ആനയുടെയോ കടുവയുടെയോ പൊടി പോലും കാണില്ല. അവർ വീടുകളിലേക്ക് മടങ്ങിയാൽ കുലു


## BALA KUSUMAM

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846
kusumammasika@gmail.com

- പബ്ലിഷർ
  **പി. കുഞ്ഞഹമ്മദ്**
- ചീഫ് എഡിറ്റർ
  **മുഹമ്മദ് പാറന്നൂർ**
- എക്സിക്യൂട്ടീവ് എഡിറ്റർ
  **സി.പി ശഫീഖ് ബുഖാരി**
- എഡിറ്റർ
  **ഇ.എം സുഫ്‌യാൻ ബുഖാരി**
- ജനറൽ മാനേജർ
  **എ. മൊയ്തീൻ മടവൂർ**
- സർക്കുലേഷൻ
  **ശരീഫ് സഖാഫി എടയൂർ**
- ഇല്ലസ്ട്രേഷൻസ്
  **ശ്യാംദാസ്, ഷാജി എസ്. എം**
- ഡിസൈൻ & ലേ-ഔട്ട്
  **അൻവർ സ്വാദിഖ് ബുഖാരി**

ങ്ങിച്ചിരിച്ചുകൊണ്ടയാൾ തന്റെ അടുത്ത ചങ്ങാതിമാരോട് പറയും: 'മണ്ടന്മാർ... ഞാൻ അവരെയൊക്കെ പറ്റിച്ചല്ലോ!'

ഇയാളുടെ ഇത്തരം മുറവിളികൾ പലതവണ ആവർത്തിച്ചപ്പോൾ ജനങ്ങൾക്ക് മനസ്സിലായി, തങ്ങൾ വഞ്ചിക്കപ്പെടുകയാണെന്ന്.

അങ്ങനെ കഴിയവെ ഒരു രാത്രിയിൽ സാക്ഷാൽ കടുവ ഗ്രാമത്തിലിറങ്ങി. അയാൾ തന്നെയാണതിനെ ആദ്യം കണ്ടത്. അയാൾ പരിഭ്രാന്തനായി ഉറക്കെ വിളിച്ചു പറയാൻ തുടങ്ങി: 'ഓടിവരിൻ... ഓടിവരിൻ... കടുവയിറങ്ങിയിരിക്കുന്നു!'

ജനങ്ങൾ ഞെട്ടിയുണർന്നു. ഉണർന്നവർ അയൽവീട്ടുകാരോട് വിളിച്ചു ചോദിച്ചു: 'ശരിയാണോ? അവൻ നമ്മെ പറ്റിക്കുകയാണോ?'



## എന്തുകൊണ്ട് മഞ്ഞിനു വെളുപ്പുനിറം?




*മഞ്ഞ് യഥാർത്ഥത്തിൽ തണുത്തുറഞ്ഞ വെള്ളമാണല്ലോ, വെള്ളത്തിന് നിറമില്ലെന്ന് നമുക്കറിയാം. എന്നാൽ മഞ്ഞ് വെളുത്ത നിറത്തിലാണല്ലോ കാണപ്പെടാറുള്ളത്. എന്താണ് കാരണമെന്നറിയാമോ?*

**പല പ്രതലങ്ങളുള്ള, പളുങ്കുപോലുള്ള നിരവധി ഐസ് കഷ്ണങ്ങൾ ചേർന്നാണ് മഞ്ഞുണ്ടാകുന്നത്. ഈ പ്രതലങ്ങളിലെല്ലാം പ്രകാശം തട്ടി വിവിധ നിറങ്ങളിൽ പ്രതിഫലിക്കും. ആ നിറങ്ങളെല്ലാം ചേരുമ്പോഴാണ് മഞ്ഞ് വെളുത്ത നിറത്തിൽ കാണപ്പെടുന്നത്.**

‘എത്രയോ പ്രാവശ്യമായല്ലോ അവൻ നമ്മെ പറ്റിക്കുന്നു. ഇതും കള്ളമായിരിക്കും.’ അയൽ വീട്ടുകാർ പരസ്പരം അഭിപ്രായം പറഞ്ഞു. ആരും വടിയും കുന്തവുമായി കടുവയെ ഓടിക്കാനിറങ്ങിയില്ല.

അതിനിടെ അയാൾ ജനങ്ങളെല്ലാം ഇപ്പോൾ വടിയും കുന്തവും പടക്കവുമായി വരും എന്ന ധൈര്യത്തിൽ മുറ്റത്തിറങ്ങി. ഇര തേടി നടന്നിരുന്ന കടുവ അയാൾക്ക് നേരെ കുതിച്ചുചാടി. ‘രക്ഷിക്കണേ.... രക്ഷിക്കണേ....’ അയാൾ ദയനീയമായി നിലവിളിച്ചു. പക്ഷേ, അയൽക്കാർ പോലും അത് വെറും കള്ളമായിരിക്കുമെന്ന് കരുതി പുറത്തിറങ്ങിയില്ല.

രാവിലെ ജനങ്ങൾ കണ്ടത് അയാളുടെ എല്ലും തൊലിയും മാത്രമായിരുന്നു. ബാക്കിയെല്ലാം കടുവ ശാപ്പാടാക്കിക്കഴിഞ്ഞിരുന്നു.

ചിലപ്പോഴൊക്കെ ജനങ്ങളെ പറ്റിക്കാൻ കഴിഞ്ഞേക്കും. എന്നാൽ എന്നും ജനങ്ങളെ പറ്റിക്കാനാവില്ല. പറ്റിക്കാൻ ഒരുമ്പെടുന്നവർക്കൊക്കെ അവസാനം അതിന്റെ തിരിച്ചടി ഏൽക്കാതിരിക്കില്ല. ‘താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണു’ എന്ന പഴഞ്ചൊല്ല് കേട്ടിട്ടില്ലേ? അതിലൊരു സത്യമുണ്ടെന്നു മനസ്സിലാക്കുക.



സഫർ
നല്ല ആൾക്കാരാ, അഞ്ചരക്കെ ത്താൻ പറഞ്ഞി ട്ടിപ്പോൾ ആറര യായല്ലോ.
സോറി സഫറേ, എഴുന്നേൽ ക്കാൻ വൈകി പ്പോയി.
ഞങ്ങൾ ചെന്നു റിയാസിനെ വി ളിച്ചുണർത്തു കയായിരുന്നു.
സാരമില്ല, ന മുക്കു നട ക്കാം.
കൂട്ടുകാരൊ ക്കെ രാത്രി എ ത്ര മണിക്കാണ് ഉറങ്ങാറ്?
പന്ത്രണ്ട് മണിക്ക്
ചിലപ്പോൾ അതിലും വൈകും.
എന്തിനാണിങ്ങ നെ ഉറക്കൊഴി ക്കുന്നത്?
അത്... ഫോ ണിൽ നോക്കിയി രുന്ന്......


ചാറ്റിച്ചാറ്റി നേരം പോകു ന്നതറിയില്ല.
പിന്നെ ഉറങ്ങാൻ ശ്രമിച്ചാലും ഉറക്കം വരില്ല.
ചങ്ങാതിമാരേ, വളരെ അപകടമാണല്ലോ നിങ്ങ ളുടെ അവസ്ഥ!
അതെന്താ?
ഉറങ്ങാൻ നേരം ഫോണുമായുള്ള ബന്ധം പല ബുദ്ധിമുട്ടുകളുമുണ്ടാക്കും. ഇങ്ങ നെ തുടർന്നാൽ ഉണരാൻ വൈകും. നി ങ്ങളുടെ ആരോഗ്യം ക്ഷയിക്കും. ഓർമ്മശ ക്തി കുറയും, മറവി കൂടും. ഞരമ്പ് സം ബന്ധമായ പല രോഗങ്ങളും വരും.
അങ്ങനെയൊക്കെ യുണ്ടോ?
ഉണ്ട്. ശാസ്ത്രപഠ നങ്ങളിലൂടെ തെ ളിഞ്ഞ കാര്യങ്ങളാ ണിത്.
എന്നാൽ ശ്ര ദ്ധിക്കണമ ല്ലോ.
വേണം. ഉറങ്ങാൻ കി ടക്കുമ്പോഴുള്ള ചില മര്യാദകൾ ഞാൻ പറ ഞ്ഞു തരട്ടെ?
പറഞ്ഞോളൂ, നല്ല കാര്യം.
ഉറങ്ങാൻ കിടക്കുന്നതി ന് ഒരു മണിക്കൂർ മു മ്പെങ്കിലും ഫോൺ മാറ്റി വെക്കണം.
പിന്നെ?


ഫോൺ കൂടെവേണമെന്നുണ്ടെങ്കിൽ തലയുടെ അടുത്തോ നെഞ്ചിനു നേരെയോ ഒന്നും വയ്ക്കരുത്. അരയ്ക്കു താഴെ വരും വിധം നിലത്തു വയ്ക്കുന്നതാണ് നല്ലത്.
അത് നല്ലതാണ്.
പിന്നെ ഉറങ്ങാനൊരുങ്ങുമ്പോൾ വിരിപ്പും പുതപ്പുമെല്ലാം തട്ടിക്കുടയണം.
അതും നല്ല കാര്യം തന്നെ!
ഫാതിഹ, ഇഖ്‌ലാസ്, മുഅവിദതൈനി, ആയതുൽ കുർസിയ്യ് എന്നിവ ഓതി കൈപ്പത്തിയിലൂതി ശരീരം മുഴുവൻ തടവണം.
ഇത് നബിചര്യയല്ലേ?
അതേ, വലതു ഭാഗത്തേക്ക് ചരിഞ്ഞാൽ ഖിബ്‌ലക്ക് നേരിടും വിധമാണ് കിടക്കേണ്ടത്. അല്ലെങ്കിൽ മലർന്നു കിടന്നാൽ കാൽ ഖിബ്‌ലയുടെ ഭാഗത്തേക്കു വരുംവിധം കിടക്കണം.
നല്ല കാര്യം തന്നെ സഫറേ, ഇതൊന്നും ആരും അത്ര ചിന്തിക്കാറില്ലല്ലോ.
ചിന്തിക്കണം. എല്ലാ കാര്യങ്ങളിലുമുണ്ട് ഇസ്‌ലാമിക മാതൃക. ഉറങ്ങാൻ കിടക്കുമ്പോൾ വേറെ ചില ദിക്റുകൾ കൂടിയുണ്ട് കേട്ടോ. ഉറക്കൊരു മരണം തന്നെയാണ്. അതുകൊണ്ട്, എല്ലാം ശ്രദ്ധിച്ചു ഉറങ്ങാൻ കിടക്കുന്നതാണ് നല്ലത്.
ഒ.കെ സഫർ, ഞങ്ങളിനി ശ്രദ്ധിക്കാം.

**മനാസിർ പടല**

**അ**ഹിംസ എന്ന് കേൾക്കുമ്പോൾ മനസ്സിലേക്കോടിയെത്തുന്ന മുഖം ആരുടേതാണ്? മഹാത്മാഗാന്ധി, ബാപ്പുജി എന്നെല്ലാം നാം വിളിക്കുന്ന നമ്മുടെ രാഷ്ട്രപിതാവ് മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെതായിരിക്കും അല്ലേ?

മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ രണ്ട് അന്താരാഷ്ട്ര അഹിംസാദിനമായി ആചരിക്കുന്നു. 2007 ജൂൺ 15 നാണ് ഐക്യരാഷ്ട്ര പൊതുസഭ, ഒക്ടോബർ രണ്ട് അന്താരാഷ്ട്ര അഹിംസാദിനമായി അംഗീകരിച്ചത്. അഹിംസയിലൂടെയും സത്യഗ്രഹ സമരങ്ങളിലൂടെയും ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച ഗാന്ധിജിയോടുള്ള ആദരവാണിത്.

### അഹിംസ

'കൊല്ലുക' എന്നർത്ഥമുള്ള 'സാൻ' എന്ന സംസ്കൃതപദത്തിൽ നിന്നാണ് 'ഹിംസ' എന്ന വാക്കുണ്ടായത്. നിഷേധസൂചകമായ 'അ' ആദ്യത്തിൽ ചേർന്നപ്പോൾ അഹിംസ എ







ന്നായി. ദ്രോഹം ചെയ്യാതിരിക്കുക എന്നർത്ഥം. അഹിംസ അത്ര ലളിതമായ കാര്യമല്ല എന്ന് ഗാന്ധിയെ വായിച്ചാൽ മനസ്സിലാകും. മനുഷ്യരാശിയുടെ നിയമമാണ് അഹിംസ. എല്ലാവരുടെയും ആത്മാഭിമാനത്തിനും ബഹുമാനത്തിനും അഹിംസ പൂർണ്ണമായ സംരക്ഷണം നൽകുന്നു. അഹിംസയെ പാശ്ചാത്യർക്ക് പരിചയപ്പെടുത്തിയതു ഗാന്ധിജിയാണ്. അദ്ദേഹത്തിന്റെ പല സിദ്ധാന്തങ്ങളും ദർശനങ്ങളും മാർട്ടിൻ ലൂഥർകിംഗ്, ജെയിംസ് ലോസൺ, നെൽസൺ മണ്ടേല തുടങ്ങിയ പല നേതാക്കളെയും സ്വാധീനിച്ചിട്ടുണ്ട്.

## ഗാന്ധി വരുന്നു

ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തോടെ ഇന്ത്യൻ സ്വാതന്ത്ര്യസമരം ഒരു പുതിയ വഴിത്തിരിവിലെത്തി. യുദ്ധത്തിന്റെ ഫലമായുണ്ടായ അസ്വസ്ഥതകൾ, കോളനിവ്യവസ്ഥയുടെ കുഴപ്പങ്ങൾ, ബ്രിട്ടീഷ് സാമ്രാജ്യത്വം നേരിട്ട അഭിമാനക്ഷതം, റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവം, ജാലിയൻ വാലാബാഗിലെ കൂട്ടക്കൊല, സാമ്പത്തിക പ്രതിസന്ധി ഇവയെല്ലാം ചേർന്ന് ഒരു പുതിയ രാഷ്ട്രീയാന്തരീക്ഷം രൂപപ്പെട്ടു. ഈ ഘട്ടത്തിലാണ് ഗാന്ധിജി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വത്തിലേക്കു വരുന്നത്.



ഗുജറാത്തിലെ ഒരു നാട്ടുരാജ്യത്തിന്റെ തലവനായിരുന്ന കരംചന്ദ് ഗാന്ധിയുടെ ഇളയ പുത്രനായി 1869-ൽ ജനിച്ച മോഹൻദാസ് ഉന്നതവിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്ക് പോയി. ബാരിസ്റ്ററാകാനുള്ള യോഗ്യത നേടി. തുടർന്നദ്ദേഹം ഒരു വ്യാപാരസ്ഥാപനത്തിന്റെ പ്രതിനിധിയായി തെക്കേആഫ്രിക്കയിലേക്ക് പോയി. ആഫ്രിക്കയിൽ കുടിയേറിപ്പാർത്ത ഇന്ത്യക്കാർ വെള്ളക്കാരുടെ വർണ്ണവിവേചനത്തിനു കീഴിൽ അനുഭവിച്ച മർദ്ദനങ്ങളും കഷ്ടപ്പാടുകളും ഗാന്ധിജിയെ വളരെയധികം വേദനിപ്പിച്ചു.

ഏറെത്താമസിയാതെ രാഷ്ട്രീയ പ്രവർത്തനത്തിലേക്കിറങ്ങിയ ഗാന്ധി സംഘടിത സമരങ്ങൾക്കു നേതൃത്വം നൽകി. ആത്മാർത്ഥതയും ധീരതയും വർണ്ണവിവേചനത്തിനെതിരായ സമരതന്ത്രങ്ങളും ഗാന്ധിജിയെ ആഫ്രിക്കക്കകത്തും പുറത്തും പ്രസിദ്ധനാക്കി. പിന്നീട് ഇന്ത്യയിലും ജനസമ്മതരായ നേതാക്കളിലൊരാളായി ഗാന്ധി മാറി.

### ആശയങ്ങൾ

ഗാന്ധി തന്റെ പ്രസ്ഥാനത്തെ വിളിച്ച പേരാണ് ‘സത്യ

ഗ്രഹം.' സത്യത്തോടുള്ള അഭ്യർത്ഥന, താത്പര്യം എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. 1920-കളിലാണ് ഒരു രാഷ്ട്രീയപ്രസ്ഥാനം എന്ന നിലയിൽ സത്യഗ്രഹം രൂപീകരിക്കപ്പെട്ടത്. ആ വർഷം സെപ്തംബറിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒരു സമ്മേളനത്തിനു മുന്നോടിയായി ഗാന്ധി 'നിസ്സഹകരണ പ്രമേയം' അവതരിപ്പിച്ചു. അതോടെ ഗാന്ധിജിയുടെ പ്രസ്ഥാനം 'നിസ്സഹകരണ പ്രസ്ഥാനം' എന്നറിയപ്പെട്ടു.

ശത്രുവിനുപോലും ഉപദ്രവമേൽക്കാത്ത, അഹിംസയിലധിഷ്ഠിതമായ സമരങ്ങളാണ് ഗാന്ധി നയിച്ചത്. ഈ സമരമാർഗ്ഗം നടപ്പിലാക്കുക എളുപ്പമായിരുന്നില്ല. സമരത്തിനിടെ ചൗരീചൗരാ എന്ന ഒരു ഗ്രാമത്തിലെ ജനങ്ങൾ ഭരണാധികാരികളുടെ മർദ്ദനം സഹിക്കാൻ കഴിയാതെ രോഷാകുലരായി ഒരു പൊലീസ് സ്റ്റേഷന് തീ വെയ്ക്കുകയും ഏതാനും പൊലീസുകാർ മരിക്കുകയും ചെയ്തു. ഇത് ഗാന്ധിജിയെ ചൊടിപ്പിച്ചു. ഇന്ത്യയിലെമ്പാടുമുള്ള സമരം ഗാന്ധി പിൻവലിച്ചു. അക്രമരഹിതമായ സമരം നടത്തുന്നതിൽ പരാജയപ്പെട്ടുവെന്നതായിരുന്നു കാരണം. 1922 ഫെബ്രുവരിയിൽ ബാർദോളിയിൽ ചേർന്ന കോൺഗ്രസ് പ്രവർത്തക കമ്മിറ്റിയോഗം 'ജനക്കൂട്ടത്തിന്റെ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളെ' ആക്ഷേപിക്കുകയും ഗാന്ധിയുടെ നടപടി ശരിവെക്കുകയും ചെയ്തു.






‘**സു**ൽത്വാനുൽ ഔലിയാഅ്’ എന്ന പേരിൽ അറിയപ്പെട്ട ആത്മജ്ഞാനികളുടെ നേതാവായിരുന്നു ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽഖാദിർ ജീലാനി(റ). ഹിജ്‌റവർഷം 470 ൽ പേർഷ്യയിലെ ജീലാൻ പ്രദേശത്താണ് ശൈഖ് ജീലാനി(റ)വിന്റെ ജനനം. പിതാവ് വഴി ഹസൻ(റ)വിലേക്കും മാതാവ് വഴി ഹുസൈൻ(റ)വിലേക്കുമാണ് ശൈഖവർകളുടെ വംശപരമ്പര ചെന്നെത്തുന്നത്.

കുഞ്ഞായിരിക്കുമ്പോൾ തന്നെ നിരവധി അത്ഭുതസംഭവങ്ങൾ മഹാനവർകളിൽ ദൃശ്യമായിത്തുടങ്ങി. റമളാനിലെ പകലിൽ ശൈഖ് ജീലാനി(റ) മുല കുടിച്ചിരുന്നില്ല. ബാല്യകാല കുസൃതികളോ കളികളോടുള്ള താത്പര്യമോ ശൈഖിനുണ്ടായിരുന്നില്ല. പത്താം വയസ്സിൽ ശൈഖവർകൾ മതപാഠശാലയിൽ ചേർന്ന് പഠനമാരംഭിച്ചു. ശൈഖവർകളുടെ പക്വതയും പഠനസാമർത്ഥ്യവും കണ്ട് ഉസ്താദുമാർ അത്ഭുതപ്പെട്ടു. പിന്നീട് ഉപരിപഠനത്തിനായി ബഗ്ദാദിലേക്ക് പുറപ്പെട്ടു. അബ്ബാസിയ്യ ഭരണകാലത്ത് നിരവധി മഹാപണ്ഡിതന്മാരുടെ സംഗമസ്ഥാനമായ വൈജ്ഞാനിക നഗരമായിരുന്നു ബഗ്ദാദ്. പുറപ്പെടുമ്പോൾ, ഒരിക്കലും കളവ് പറയരുതെന്ന് ശൈഖവർകൾക്ക് ഉമ്മ ഉപദേശം നൽകി. യാത്രമധ്യേ കൊള്ളസംഘം പിടികൂടിയപ്പോഴും ഉമ്മയുടെ ഉപദേശം ശൈഖ് അനുസരിച്ചു. ആ കൊള്ളസംഘം മുഴുവൻ പശ്ചാ

ത്തപിച്ചു മടങ്ങി.

ശൈഖ് ജീലാനി(റ)വിന്റെ ജീവിതത്തെ സ്വാധീനിച്ച നിർണായക സംഭവങ്ങളിൽ ഒന്നായിരുന്നു അത്. ബഗ്ദാദിലെത്തിയ ശൈഖവർകൾ പ്രമുഖ പണ്ഡിതരിൽ നിന്ന് ശരീഅത്തിന്റെയും അധ്യാത്മികതയുടെയും വിജ്ഞാനങ്ങൾ കരസ്ഥമാക്കി. ബഗ്ദാദിലെ ഖാളിയായിരുന്ന അബൂസഈദിൽ മഖ്റമി(റ)യുടെ വിദ്യാപീഠത്തിലാണ് ശൈഖവർകൾ ആദ്യമായി അധ്യാപനം നടത്തിയത്. പിന്നീട് ബഗ്ദാദിലെ 'നിളാമിയ്യ' സർവകലാശാലയിലും അധ്യാപനം നടത്തി.

ബഗ്ദാദിലെ ഏറ്റവും വലിയ വിജ്ഞാനകേന്ദ്രമായിരുന്നു ശൈഖ് ജീലാനി(റ)വിന്റെ സദസ്സ്. വിദൂരദേശങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമെല്ലാം ആ സദസ്സിലേക്ക് വിജ്ഞാനദാഹികൾ ഒഴുകിയെത്തി.

പക്വതയോടെയുള്ള സ്വഭാവവും വിനയാന്വിതമായ പെരുമാറ്റവും തികഞ്ഞ ഭക്തിയും അചഞ്ചലമായ വിശ്വാസവും അസാമാന്യ ധൈര്യവും ശൈഖിനെ വ്യത്യസ്തനാക്കി.

ഇസ്‌ലാമിക കർമശാസ്ത്ര സരണികളിൽ നല്ല അവഗാഹമുണ്ടായിരുന്നു ശൈഖ് ജീലാനി(റ)വിന്. ആദ്യം ശാഫിഈ മദ്ഹബനുസരിച്ചും പിന്നീട് ഹംബലീ മദ്ഹബനുസരിച്ചുമാണ് ശൈഖവർകൾ ആരാധനാ കർമങ്ങൾ നിർവഹിച്ചത്.

40 വർഷം നീണ്ട അധ്യാപനജീവിതത്തിനൊടുവിലാണ് ശൈഖ് ത്വരീഖത്തിന്റെ വഴി തിരഞ്ഞെടുത്തത്.

മരുഭൂമിയിലൂടെ ഏകാന്തപഥികനായി നിരവധി വർഷങ്ങൾ മഹാനവർകൾ ചുറ്റിക്കറങ്ങി. ആഴ്ചയിൽ മൂന്ന് തവണ നടക്കുന്ന ശൈഖവർകളുടെ മതപ്രഭാഷണങ്ങൾ കേട്ട് നിരവധി പേർ ഇസ്‌ലാം സ്വീകരിച്ചു. ധാർമികമായും ആത്മീയമായും ഏറെ അകന്ന ഒരു സമൂഹത്തിന് നവജീവൻ നൽകിയ ശൈഖ് ജീലാനി(റ) 'മുഹ്‌യിദ്ദീൻ' (മതത്തിന്റെ പുനരുദ്ധാരകൻ) എന്നറിയപ്പെട്ടു.

ശൈഖ് ജീലാനി(റ)വിന്റെ ജീവിതചരിത്രം കോർത്തിണക്കി നിരവധി ഗ്രന്ഥങ്ങൾ വിരചിതമായിട്ടുണ്ട്. സ്വദഖത്തുല്ലാഹിൽ ഖാഹിരി(റ) രചിച്ച 'ഖസീദത്തുൽ ഖുതുബിയ്യത്ത്', നിരവധി ഗ്രന്ഥങ്ങളുടെ കർത്താവും ചരിത്രപണ്ഡിതനുമായിരുന്ന കോഴിക്കോട് ഖാളി മുഹമ്മദ് രചിച്ച 'മുഹ്‌യിദ്ദീൻ മാല' എന്നിവ ഉദാഹരണങ്ങൾ.

ഹിജ്റ 561 റബീഉൽ ആഖിർ പതിനൊന്നിനാണ് ശൈഖ് ജീലാനി(റ) വഫാത്തായത്. ഇന്ന് പ്രസിദ്ധതീർഥാടന കേന്ദ്രമാണ് ബഗ്ദാദിലെ ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ)വിന്റെ മഖ്ബറ.

**കുഞ്ഞുമോൻ / അബൂതസ്നീം**

# വൃദ്ധരെ ആദരിക്കാം

'കുട്ടികളേ, പ്രായമേറിയവരെ ആദരിക്കണമെന്നും കഴിയുന്നത്ര സേവനങ്ങൾ അവർക്ക് ചെയ്തുകൊടുക്കണമെന്നും നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. നാളെ അവധിദിനമാണ്. കൂട്ടുകാർ പ്രായമായ ഒരാളെയെങ്കിലും സന്ദർശിച്ച് അനുഭവങ്ങൾ ക്ലാസിൽ വിവരിച്ചു കേൾപ്പിക്കണം. എന്താ, തയ്യാറല്ലേ?'

ഉസ്താദ് ചോദിച്ചപ്പോൾ കുഞ്ഞുമോൻ ചാടിയെണീറ്റ് പറഞ്ഞു: 'തയ്യാറാണുസ്താദേ...' ക്ലാസിൽ പലരും വിളിച്ചുപറഞ്ഞു: 'ഉസ്താദേ, ഞങ്ങളും തയ്യാറാണ്.'

മദ്റസ വിട്ടു പോകുമ്പോൾ കുഞ്ഞുമോൻ ആലോചിക്കുകയായിരുന്നു, ആരെയാണ് സന്ദർശിക്കേണ്ടത്? അയലത്തെ കുഞ്ഞാലിക്കായുണ്ട്, തെക്കേതിലെ സരോജിനിയമ്മയുണ്ട്, അല്പം ദൂരെ, ഉമ്മയുടെ തറവാട്ടിൽ വല്യുമ്മയും വല്യുപ്പയുമുണ്ട്. പിന്നെയും ആരൊക്കെയോ ഉണ്ട്. ഏതായാലും ഇന്നും നാളെയുമായി കഴിയുന്നത്ര വൃദ്ധരെ സന്ദർശിക്കണം. വൃദ്ധരെ സന്ദർശിക്കുന്നതും അവരെ സഹായിക്കുന്നതും വലിയ പുണ്യമുള്ള കാര്യമാണല്ലോ. മുത്ത്റസൂൽ(സ) ഒരു വൃദ്ധയുടെ വിറകുകെട്ട് ചുമന്ന് അവരുടെ വീട്ടിലെത്തിച്ചു കൊടുത്ത കഥ ഉസ്താദ് പറഞ്ഞു തന്നിട്ടുണ്ട്. രോഗിയായി കിടപ്പിലായ വൃദ്ധയെ കഴുകി വൃത്തിയാക്കാനും അവർക്ക് ഭക്ഷണമെത്തിച്ചു കൊടുക്കാനും അബൂബക്ർ സിദ്ദീഖ്(റ)വും ഉമറുബ്നുൽഖത്വാബ്(റ)വും മത്സരിച്ച കഥയും കേട്ടിട്ടുണ്ട്.

വീട്ടിലെത്തിയ ഉടനെ ഭക്ഷണം കഴിച്ച് കുഞ്ഞുമോൻ അയലത്തെ വീട്ടിലേക്കോടി. വരാന്തയിൽ റോഡിലേക്ക് നോക്കി തളർന്നിരിക്കുന്നുണ്ട് കുഞ്ഞാ

ലിക്ക. ഖാസിമിക്കയും കുൽസുത്തായും ജോലിക്ക് പോയാൽ പിന്നെ ഒറ്റയ്ക്കാണ് കുഞ്ഞാലിക്ക. കുഞ്ഞുമോനെ കണ്ടപ്പോൾ പല്ലില്ലാത്ത മോണ കാട്ടി ചിരിച്ചുകൊണ്ട് കുഞ്ഞാലിക്ക വിളിച്ചു: 'ആരാപ്പോദ്... ഞമ്മളെ കുഞ്ഞ്യോനോ? ഇങ്ങട്ട് ബാ മോനേ.'

കുഞ്ഞുമോൻ സലാം പറഞ്ഞ് വരാന്തയിൽ കയറി കുഞ്ഞാലിക്കായുടെ അടുത്തുചെന്നിരുന്നു. കുഞ്ഞാലിക്കാ വീട്ടിലെ വർത്തമാനങ്ങൾ ചോദിച്ചു. പിന്നെ കഥകൾ പറഞ്ഞു, സങ്കടം പ



റഞ്ഞു, പരാതി പറഞ്ഞു, കുഞ്ഞുമോൻ എല്ലാം ശ്രദ്ധിച്ചു കേട്ടിരുന്നു. മിണ്ടിപ്പറയാൻ ഒരാളെ കിട്ടിയതിലുള്ള കുഞ്ഞാലിക്കയുടെ സന്തോഷം കുഞ്ഞുമോൻ അനുഭവിച്ചറിഞ്ഞു. മക്കളും മക്കളുടെ മക്കളുമൊക്കെ തന്നെ ഒറ്റക്കാക്കിപ്പോകുന്ന കാര്യം പറഞ്ഞപ്പോൾ കുഞ്ഞാലിക്കായുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് കണ്ടു കുഞ്ഞുമോന്റെ കണ്ണുകളും നിറഞ്ഞു.

എത്രയോ നേരം കൂട്ടിരുന്നു തിരിച്ചു പോകുമ്പോൾ കുഞ്ഞാലിക്ക പറഞ്ഞു: 'കുഞ്ഞേ്യാനേ, ഒഴിവ് കിട്ടുമ്പോഴൊക്കെ ഇങ്ങോട്ട് വരണേ. മോനെ പടച്ചോൻ നന്നാക്കും.'

പിന്നെ കുഞ്ഞുമോൻ പോയത് തെക്കേതിലെ സരോജിനിയമ്മയെ കാണാനാണ്. മൂത്തു നരച്ച്, നന്നായി കാണാൻ പോലും വയ്യാത്ത സരോജിനിയമ്മയും വീട്ടിൽ ഒറ്റയ്ക്കാണ്. ജോലിക്ക് പോകുന്ന മക്കളൊക്കെ തിരിച്ചുവരണമെങ്കിൽ രാത്രിയാവും. മുറ്റത്തെ കാലൊച്ച കേട്ട് അമ്മ വിളിച്ച് ചോദിച്ചു: 'ആരാത്?' 'ഞാനാണമ്മേ, കുഞ്ഞേ്യാൻ.' കുഞ്ഞുമോൻ സ്വയം പരിചയപ്പെടുത്തി.

'ന്റീശ്വരാ...' അമ്മയുടെ മുഖത്ത് വലിയ സന്തോഷം. 'ഇങ്ങോട്ട് കേറിരിക്ക് മോനേ.' അമ്മ കുഞ്ഞുമോനെ ക്ഷണിച്ചു. അമ്മയ്ക്കും പറയാൻ സങ്കടങ്ങളേറെയുണ്ട്. കുഞ്ഞുമോൻ എല്ലാം കേട്ടിരുന്നു. അതിനിടെ അമ്മ ചോദിച്ചു: 'മോൻ ഈ അമ്മയ്ക്കിശ്ശിരി വെള്ളമെടുത്ത് തരോ? കുടിക്കാനാ.'

കുഞ്ഞുമോൻ ഓടിച്ചെന്ന് അമ്മയ്ക്ക് വെള്ളമെടുത്തു കൊടുത്തു. അമ്മ ആർത്തി

## വിഷപ്പക്ഷി

**പാപുവ ന്യൂഗിനിയയിലെ ഹൂഡഡ് പിറ്റോഹുയിയാണ് ഒരേയൊരു വിഷമുള്ള പക്ഷിയായി അറിയപ്പെടുന്നത്**



യോടെ അതു മുഴുവൻ കുടിച്ചു തീർത്തു പറഞ്ഞു: 'മോനെ ദൈവം നന്നാക്കും ട്ടോ.'

സന്ധ്യാവാറായപ്പോൾ കുഞ്ഞുമോൻ വീട്ടിലേക്കു നടന്നു.

'കുഞ്ഞ്യോൻ എവിടായിരുന്നു ഇതുവരെ?' ഉമ്മ ചോദിച്ചു.

'ഉമ്മാ, ഞാൻ അയലത്തെ കുഞ്ഞാലിക്കായെയും സരോജിനിയമ്മയെയും കാണാൻ പോയതായിരുന്നു.'

കുഞ്ഞുമോന്റെ മറുപടി കേട്ടപ്പോൾ ഉമ്മയ്ക്കു വലിയ സ



ന്തോഷം. 'മോനേ, വയസ്സായവരെ കാണാനും അവരെ സഹായിക്കാനുമൊക്കെ പോകണം. വലിയ പുണ്യമുള്ള കാര്യമാണത് ട്ടോ.' ഉമ്മയ്ക്കും പറയാനുള്ളത് നല്ല വാക്കുകൾ തന്നെ.

'ഉമ്മാ, നമുക്ക് നാളെ വല്ലിമ്മാനെയും വല്ലിപ്പാനെയും കാണാൻ പോയാലോ?'

'നല്ല കാര്യം. മോനേ, നമ്മൾ ചെന്നാൽ അവർക്കെന്തു സന്തോഷമാണെന്നോ. ഉപ്പയോട് പറഞ്ഞു നാളെത്തന്നെ പോകാം.'

**** **** ****

തിങ്കളാഴ്ച രാവിലെ ക്ലാസ്സിൽ ചെന്നപ്പോൾ ഉസ്താദിന്റെ ചോദ്യം: "വയസ്സായവരെ സന്ദർശിക്കാൻ ഞാൻ പറഞ്ഞിരുന്നല്ലോ. ആരൊക്കെ സന്ദർശിച്ചു?"

അഞ്ചാറുപേർ കൈ പൊക്കി. അവരിൽ ഏറ്റവും കൂടുതൽ പേരെ സന്ദർശിച്ചത് കുഞ്ഞുമോൻ മാത്രം. ഉസ്താദ് കുഞ്ഞുമോനെ അഭിനന്ദിച്ചു. അവൻ തന്റെ അനുഭവങ്ങൾ മനസ്സിൽ തട്ടുംവിധം അവതരിപ്പിച്ചു.

തുടർന്ന് ഉസ്താദ് പറഞ്ഞു: 'കുട്ടികളേ, വയസ്സന്മാരുടെ കാര്യങ്ങളെക്കുറിച്ച് ഉണർത്താനും ഒരു ദിനമുണ്ട്. ലോക വൃദ്ധ ദിനം. ഒക്ടോബർ ഒന്നിനാണു ലോക വൃദ്ധദിനം. ഇക്കാര്യം ഓർമ്മപ്പെടുത്താനാണ് ഞാൻ നിങ്ങളോട് വൃദ്ധന്മാരെ സന്ദർശിക്കാൻ പറഞ്ഞത്. നാം അവരെ കാണുകയും സംസാരിക്കുകയുമൊക്കെ ചെയ്യുമ്പോൾ അവർക്കെന്തു സന്തോഷമായിരിക്കുമെന്നോ! സുഖക്കേടും പ്രയാസങ്ങളുമൊക്കെയായി കഷ്ടപ്പെടുകയായിരിക്കുമല്ലോ അധിക വൃദ്ധരും. സംസാരിക്കാൻ ഒരാളെ കിട്ടുന്നതു തന്നെ അവർക്ക് വലിയ സന്തോഷമായിരിക്കും.

വയസ്സായവരെ വെറുപ്പിക്കുകയും പ്രയാസപ്പെടുത്തുകയും ചെയ്താലുണ്ടല്ലോ, അതുപോലുള്ള പ്രയാസം വയസ്സാകുമ്പോൾ നമ്മളും അനുഭവിക്കേണ്ടിവരും. കൊച്ചു കുഞ്ഞുങ്ങളോട് നമുക്കേറെ ഇഷ്ടമാണല്ലോ. അവരെ പോലെയാണ് വൃദ്ധരും. അവരെയും നാം ഇഷ്ടപ്പെടണം. തിരുനബി(സ)യും മഹാത്മാക്കളും കാണിച്ചു തന്ന മാതൃക അതാണ് കേട്ടോ!'

# ഇബ്നുന്നഫീസ്

പതിമൂന്നാം നൂറ്റാണ്ടിലെ വിശ്രുത പണ്ഡിതനായിരുന്നു ഇബ്നുന്നഫീസ്. ശ്വാസകോശത്തിലെ രക്തചംക്രമണ സംവിധാനത്തെക്കുറിച്ച് (ഓക്സിജൻ കുറവുള്ള രക്തത്തെ ശ്വാസകോശത്തിലൂടെ കടത്തിവിട്ട് ഓക്സിജൻ നൽകുന്ന സംവിധാനം) ആദ്യമായി വിശദീകരിച്ചത് അദ്ദേഹമാണ്. ഹൃദയത്തിന്റെ വലത് വെൻട്രിക്കിൾ ശ്വാസകോശധമനികൾ വഴി ഓക്സിജൻ കുറഞ്ഞ രക്തം ശ്വാസകോശത്തിലേക്ക് പമ്പ് ചെയ്യുകയും ശ്വാസകോശത്തിനത്ത് ഓക്സിജൻ സ്വീകരിച്ച് ശ്വാസകോശസിരകളിലൂടെ ഹൃദയത്തിന്റെ ഇടത് ആട്രിയത്തിലേക്കെത്തുകയും ചെയ്യുന്നു. പതിനേഴാം നൂറ്റാണ്ടിൽ വില്യം ഹാർവിയാണ് പിന്നീട് ശരീരത്തിന്റെ മറ്റുഭാഗങ്ങളിൽ നിന്ന് ഹൃദയത്തിലേക്ക് രക്തം മടങ്ങുന്ന പൂർണ്ണ രക്തചംക്രമണ സംവിധാനം കണ്ടെത്തിയത്.



## എണ്ണമെത്ര?

**ആ** മരക്കൊമ്പിൽ ഈ മരക്കൊമ്പിൽ
ആകെ കിളികൾ പന്ത്രണ്ട്.
ആ മരക്കൊമ്പിൽ നിന്നൊരു ചെറുകിളി
ഈ മരക്കൊമ്പിൽ വന്നെന്നാൽ
കൊമ്പുകൾ രണ്ടിലും കിളികൾ തുല്യം
ആ മരക്കൊമ്പിൽ കിളിയെത്ര?
ഈ മരക്കൊമ്പിൽ കിളിയെത്ര?

ഉത്തരം: (7 + 5 = 12)

**സലാം തിരുമല**

**മു**ത്തുനബി(സ) വല്യുപ്പയായ അബ്ദുൽമുത്വലിബിന്റെ സംരക്ഷണത്തിൽ വളരുന്ന കാലം. അബ്ദുൽമുത്വലിബ് അന്ന് മക്കയിലെ കിരീടം വെക്കാത്ത രാജാവാണ്. അത്രയും ആദരണീയൻ. കഅ്ബയുടെ തണലിൽ ഹിജ്ർ ഇസ്മാഈലിന്നടുത്ത് അദ്ദേഹത്തിനൊരു ഇരിപ്പിടമുണ്ടായിരുന്നു. ഒരു സിംഹാസനത്തിനു തുല്യമായ മഹത്വമുണ്ടാ വിരിപ്പിന്. മറ്റാരും അതിലിരിക്കാൻ ധൈര്യപ്പെടില്ല. അബ്ദുൽമുത്വലിബിന്റെ കൊച്ചുമോൻ ഹംസ പോലും അതിൽ ഇരിക്കാറില്ല. എല്ലാവരും ആദരവോടെ അതിനു ചുറ്റും നിൽക്കുകയാണ് ചെയ്യുക.

എന്നാൽ മുത്തുനബി(സ) കഅ്ബയുടെ അടുത്തുവന്നാൽ നേരെ ആ വിരിപ്പിൽ പോയിരിക്കും. അതു കാണുമ്പോൾ പലരും ശാസിക്കും; 'മോനേ, അതിൽ ഇരിക്കരുത്. അത് നിന്റെ വല്യുപ്പാക്ക് മാത്രം ഇരിക്കാനുള്ള സ്ഥലമാണ്, മര്യാദകേട് കാണിക്കല്ലേ, മാറി നിൽക്ക്...' എന്നൊക്കെ പറയും. അതു കേൾക്കുമ്പോൾ അബ്ദുൽമുത്വലിബ് പറയും: 'വേണ്ട, അവനെ തടയേണ്ട. അവനവിടെ തന്നെയിരിക്കട്ടെ. അവിടെയിരിക്കാൻ അർഹനാണവൻ. അല്ലാഹുവാണെ സത്യം! എന്റെ മോൻ മുഹമ്മദിന്റെ ഭാവി അതിമഹത്തായതാണ്.'

ഒരു രാജകുമാരനെപ്പോലെ മുത്തുനബി(സ) അധികസമയവും വല്ല്യുപ്പയോടൊപ്പമുണ്ടാവും. വല്യുപ്പക്കാവട്ടെ, കൊച്ചുമോൻ എപ്പോഴും കൂടെയുണ്ടാകുന്നതായിരുന്നു ഇഷ്ടവും!

# രാജകുമാരൻ

ശാസ്ത്രശാല

# മുട്ടയിൽ നിന്ന് കുമിളകൾ

ഈ രസകരമായ പരീക്ഷണം നോക്കൂ

**ആവശ്യമായ വസ്തുക്കൾ:**

ഒരു പാത്രം, ഒരു മുട്ട, രണ്ട് ഗ്ലാസുകൾ (ഒന്നിൽ ടാപ്പ് വെള്ളവും മറ്റൊന്ന് ചൂടുവെള്ളവും)

**ചെയ്യേണ്ട വിധം:**

മുട്ട പാത്രത്തിൽ വയ്ക്കുക. ശേഷം ടാപ്പ് വെള്ളം ഒഴിക്കുക. മുട്ടയിൽ എന്തെങ്കിലും മാറ്റം കാണുന്നുണ്ടോ? ഇനി പാത്രത്തിലെ ടാപ്പ് വെള്ളം ഒഴിവാക്കി ചൂടുവെള്ളം നിറയ്ക്കുക. മുട്ടയിൽ കാണുന്ന മാറ്റം നിരീക്ഷിക്കുക.

ടാപ്പ് വെള്ളം ഒഴിക്കുമ്പോൾ മുട്ടയ്ക്ക് ഒരു മാറ്റവും സംഭവിച്ചില്ല, എന്നാൽ ചൂടുവെള്ളത്തിൽ മുങ്ങിക്കിടക്കുമ്പോൾ മുട്ടയിൽ നിന്ന് ചെറിയ കുമിളകൾ വെള്ളത്തിന്റെ മുകളിലേക്ക് ഉയർന്നുവരുന്നതു കാണാം.



**സംഭവിക്കുന്നത്:**

ചൂടുവെള്ളത്തിൽ കിടന്ന് ചൂടാകുമ്പോൾ മുട്ടയ്ക്കുള്ളിലുള്ള വായു വികസിക്കുന്നു. എന്നാൽ അധികസ്ഥലം ലഭ്യമല്ലാത്തതിനാൽ ഉള്ളിലെ മർദ്ദം വർദ്ധിക്കുന്നു. തിങ്ങിനിറഞ്ഞ വായുവിന്റെ തന്മാത്രകൾ മുട്ടയുടെ പുറംതൊലിയിലെ സുക്ഷ്മമായ സുഷിരങ്ങളിലൂടെ പുറത്തേക്കു വരുന്നു. പുറംതൊലി പൊട്ടാതെ പുറത്തുകടന്ന ഈ വായു തന്മാത്രകൾ കുമിളകളുടെ രൂപത്തിൽ ജലത്തിന്റെ ഉപരിതലത്തിലേക്കുയരുന്നു.




# വീടിനകത്തൊരു പെരുന്നാൾ

**ദി**വസങ്ങൾ വിരലിലെണ്ണി കാത്തിരുന്ന പെരുന്നാൾദിനമെത്തി. ശാക്കിർമോനെ ഉമ്മ നേരത്തെ വിളിച്ചുണർത്തി. അവൻ കുളിച്ചൊരുങ്ങി ഉപ്പയോട് പറഞ്ഞു: 'ഉപ്പാ, നമുക്ക് പള്ളിയിൽ പോകാം. തക്ബീർ ചൊല്ലാം.'

'മോനേ, ഈ പെരുന്നാൾക്ക് നാം പള്ളിയിൽ പോവുന്നില്ല, മഹാമാരി പകരുമത്രേ!...' അതു കേട്ടപ്പോൾ ശാക്കിറിന് സങ്കടമായി. ഉസ്താദിനെ കാണാനും പുത്തനുടുപ്പ് കാണിച്ചുകൊടുക്കാനും ഈദ് ആശംസകൾ നേരാനും കാത്തിരിപ്പായിരുന്നു അവൻ. അങ്ങനെ സങ്കടപ്പെട്ടിരിക്കുമ്പോഴാണ് ഉപ്പ വീട്ടിലെ എല്ലാവരോടുമായി പറഞ്ഞത്: 'നാം ഇവിടെ പെരുന്നാൾ നിസ്കാരം തുടങ്ങുകയാണ്, എല്ലാവരും പെട്ടെന്ന് നിസ്കാരമുറിയിലെത്തണം.'



പെരുന്നാൾനിസ്കാരത്തിനും ഖുത്വ്ബക്കും ഉപ്പ നേതൃത്വം നൽകി. ശേഷം എല്ലാവരും അടുക്കളയിൽ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ച് സന്തോഷം പങ്കിട്ടു. പെരുന്നാൾ വീട്ടിനകത്ത് മാത്രം ഒതുങ്ങിയത് ശാക്കിറിനെ വല്ലാതെ സങ്കടപ്പെടുത്തി. സങ്കടം ഉപ്പയോട് പങ്കുവെച്ചപ്പോൾ മഹാമാരിയിൽ നിന്ന് രക്ഷ ലഭിക്കാനും ഇനിയുള്ള പെരുന്നാൾ ദിനങ്ങൾ കൂടുതൽ സന്തോഷകരമാകാനും പ്രാർത്ഥിച്ചു. ശാക്കിർമോൻ ആത്മാർത്ഥമായി ആമീൻ പറഞ്ഞു.

**യഹ്‌യ പി.വി ക്ലാസ് 9**
**ഇസ്സത്തുൽ ഇസ്‌ലാം സുന്നി മദ്റസ, പാലത്തുങ്കര**



# സ്നേഹപ്പൂക്കൾ

**കു**ഞ്ഞുനാളിലുമ്മ ചൊന്ന
കുഞ്ഞുകഥകളിലെല്ലാം
കണ്ടു ഞാൻ സുഗന്ധമുള്ള
സ്നേഹപ്പൂക്കളെൻ നബിയേ.
ആറ്റലായി പിറന്ന നൂറിൻ
മാതൃകാ മിക ജീവിതം
കേട്ടനാൾ മുതൽ ഞാൻ കൊതിച്ചു
ഒന്നു കാണുവാനാ മുഖം.
ചൊല്ലിയില്ലൊരു കള്ളവും നബി
പേരു കിട്ടി അൽഅമീൻ
തിരുപ്രഭാ ചൊരിഞ്ഞു തരണേ
ജീവിതത്തിൽ യാ റഹീം.

**ഹിബ ടി.പി, പ്ലസ്ടു**
**ഹിദായ വെള്ളില**

# മാതൃകാനബി

**ആ**മിനബീവിതന്നോമൽ നിധി
അജബുകളേറെ നിറഞ്ഞ നബി
മക്കാമണ്ണിലുദിച്ചു സ്വബീ
മദീനമണ്ണിലുറങ്ങി നബി
ആകാശങ്ങൾ കടന്നു നബി
അല്ലാഹുവിനെ കണ്ടു നബി
തിരുസുന്നത്തുകൾ പാലിക്കാം
നന്മകൾ ചെയ്തു ജീവിക്കാം
മാതൃകയാണ് നമുക്കെന്നും
മുത്ത് മുഹമ്മദ് സ്വല്ലല്ലാ....

**ഫഹ്മ ഫാത്തിമ പി.ഇ**
**തർബിയത്തുൽ ഇസ്‌ലാം**
**മദ്റസ, കാരേപറമ്പ്**

# പൂമ്പാറ്റ

പൂന്തേൻ കുടിക്കും പൂമ്പാറ്റ
പൂവിലിരിക്കും പൂമ്പാറ്റ
വർണ്ണച്ചിറകാൽ പൂന്തോപ്പിൽ
പറന്നു കളിക്കും പൂമ്പാറ്റ

**ഫാത്തിമ പി വി ക്ലാസ്സ് -5**
**ഇസ്സത്തുൽ ഇസ്‌ലാം**
**സുന്നി മദ്റസ പാലത്തുങ്കര**



# കത്തുകൾ

*പ്രിയപ്പെട്ട ബാലകുസുമത്തിന്,*

*നിന്നെ കാത്തിരിപ്പാണ് ഞാൻ. സഫറിന്റെ ഗുണപാഠകഥകളും മിസ്റ്റർ മണ്ടപ്പന്റെ ഐഡ്യകളും ശാസ്ത്ര വിജ്ഞാനങ്ങളും ഏറെ ഇഷ്ടമാണെനിക്ക്. സന്തോഷവും സങ്കടവും സമ്മാനിക്കുന്ന അബൂട്ടിയുടെ കഥയും കുഞ്ഞുമോന്റെ അനുഭവങ്ങളും മനോഹരമാണ്. ഹോജാകഥകൾ കൂടുതലുണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്നു. ഒരായിരം അഭിനന്ദനങ്ങൾ!*

**ഫാത്തിമ നിസ്മ എം.കെ ക്ലാസ് 6**
**ഹിദായതുൽ അത്ഫാൽ മദ്റസ പൂങ്ങോട്**

*പ്രിയപ്പെട്ട ബാലകുസുമത്തിന്,*

*ഞാൻ എല്ലാ മാസവും കുസമം വായിക്കാറുണ്ട്. സഫറിന്റെ ഉപദേശങ്ങൾ ഞാൻ മനസ്സിലാക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യും. മിസ്റ്റർ മണ്ടപ്പന്റെ അന്വേഷണങ്ങൾ നല്ല രസമുണ്ട്. ജൂലൈ മാസത്തിലെ കണ്ടൽ വിശേഷങ്ങൾ എന്റെ പഠനത്തിന് വളരെ ഉപകാരപ്രദമായി. ക്വിസും കറന്റ് അഫയേഴ്സും ഒന്നുകൂടി വിപുലമാക്കണം. കുസുമത്തിൽ വരുന്ന കഥകളും കവിതകളുമെല്ലാം സൂപ്പർ. അണിയറ ശില്പികൾക്ക് അഭിനന്ദനങ്ങൾ.*

**അൽ സാബിത്ത് എം, ക്ലാസ് 8**
**മമ്പഉൽ ഇസ്‌ലാം എടനാട്**

CURRENT AFFAIRS

## പ്രധാനമന്ത്രി യുക്രൈനിൽ

ഓഗസ്റ്റ് 23ന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി യുദ്ധഭീതിയിലുള്ള യുക്രെയ്നിൽ സന്ദർശനം നടത്തി. യുക്രെയ്നിൽ സമാധാനം ഉറപ്പാക്കാനുള്ള ശ്രമങ്ങൾക്ക് ഇന്ത്യ ഒരുക്കമാണെന്ന് മോഡിഅറിയിച്ചു. യുക്രെയ്ൻ റിപ്പബ്ലിക് സ്ഥാപിതമായതിനുശേഷം ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ ആദ്യ സന്ദർശനമാണിത്.

## ബംഗ്ലദേശിൽ ഇടക്കാല സർക്കാർ

നൊബേൽ സമ്മാനജേതാവായ മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ ഓഗസ്റ്റ് 8 ന് ബംഗ്ലദേശിൽ അധികാരമേറ്റു. വിദ്യാർഥികലാപത്തെതുടർന്ന് ബംഗ്ലദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവച്ചതോടെ നിലവിലുള്ള പാർലമെന്റ് പിരിച്ചുവിട്ട് പ്രസിഡന്റ് മുഹമ്മദ് ശഹാബുദ്ദീനാണ് ഇടക്കാല സർക്കാരിനെ പ്രഖ്യാപിച്ചത്.

## അമുൽ ഗ്രാന്റ് ബ്രാൻഡ്

2024 ൽ ലോകത്തിലെ ഏറ്റവും ശക്തമായ ഫുഡ് ബ്രാൻഡായി ഇന്ത്യയിലെ പ്രമുഖ ക്ഷീരോത്പന്ന വിതരണക്കാരായ അമുൽ തിരഞ്ഞെടുക്കപ്പെട്ടു. ആഗോളതലത്തിലെ ബ്രാന്റ് മൂല്യനിർണയ കൺസൽട്ടൻസിയുടെ വാർഷിക റിപ്പോർട്ടിലാണിക്കാര്യം പറയുന്നത്.

## കമല ഹാരിസ് സ്ഥാനാർഥി

യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർഥിത്വം കമല ഹാരിസ് സ്വീകരിച്ചു. ജയിച്ചാൽ യു.എസിന്റെ ആദ്യ വനിതാ പ്രസിഡന്റായി ഇന്ത്യൻ വംശജ കൂടിയായ കമല ചരിത്രം കുറിക്കും.

## ചൊവ്വയിൽ ജലം

ചൊവ്വാഗ്രഹത്തിലെ പാറകൾക്കുള്ളിൽ ദ്രാവകജലത്തിന്റെ സാന്നിധ്യം കണ്ടെത്തി. രണ്ടുവർഷം മുമ്പ് പ്രവർത്തനം അവസാനിപ്പിച്ച നാസയുടെ ചൊവ്വാദൗത്യമായ മാർസ് ഇൻസൈറ്റ് ലാൻഡർ ശേഖരിച്ച വിവരങ്ങൾ പ്രകാരമാണ് പുതിയ കണ്ടെത്തൽ.

## യുട്യൂബിലും റെക്കോർഡ്

യുട്യൂബിൽ അതിവേഗം ഒരു മില്യൻ (10 ലക്ഷം) സബ്സ്ക്രൈബേഴ്സിനെ ലഭിച്ചതിനുള്ള റെക്കോർഡ് പോർച്ചുഗീസ് ഫുട്ബോൾ താരം ക്രിസ്റ്റിയാനോ റൊണാൾഡോ സ്വന്തമാക്കി. 90 മിനിറ്റിനുള്ളിലാണ് റൊണാൾഡോയുടെ അക്കൗണ്ട് 10 ലക്ഷം സബ്ക്രൈബേഴ്സിനെ സ്വന്തമാക്കിയത്.


ജാലിയൻ വാലാ ബാഗ്
നഗരപ്രദക്ഷിണത്തിനിടെ ജനങ്ങൾ പട്ടാളക്കാർക്കു മുമ്പിൽ നിലത്തു തുപ്പി അമർശം രേഖപ്പെടുത്തി.
ഐക്യമാണ് നമ്മുടെ ശ ക്തി!
ഹിന്ദു മുസൽ മാൻ കീ ജയ്!
ഡയർ വെടിവെക്കാൻ മുതിർന്നില്ല.
ഇപ്പോൾ വെടിവെക്കേണ്ട, പിന്നീടൊരിക്കൽ ഇവരെ ഒരു പാഠം പഠിപ്പിക്കണം.
ഏപ്രിൽ 13ന് ഡയർ ഒരു വിളംബരം പുറപ്പെടുവിച്ചു. വിവിധ സ്ഥലങ്ങളിൽ ഉറുദു, പഞ്ചാബി ഭാഷകളിൽ വിജ്ഞാപനം വായിച്ചു.
രാത്രി 8 മണിക്ക് ശേഷം തെ രുവിലിറങ്ങരുത്. ഇറങ്ങി യാൽ വെടിയേൽക്കേണ്ടി വ രും. നാലിൽ കൂടുതൽ പേർ ഒരിടത്ത് ഒത്തുചേർന്നാലത് നിയമവിരുദ്ധമായി കണക്കാ ക്കും. ശക്തമായി നേരിടും.


തൊട്ടുപിന്നാലെ, രണ്ടു പേർ നഗരത്തിലുടനീളം ശൂന്യമായ ടിന്നിലടിച്ച് വിളിച്ചുപറഞ്ഞു.
ജാലിയൻവാലാബാഗിൽ 4:30ന് ഒരു സംഗമം നടക്കും. എല്ലാവർക്കും സ്വാഗതം.
കിച്ച്‌ലുജിയിൽ നിന്നും സത്യപാൽജിയിൽ നിന്നുമുള്ള സന്ദേശങ്ങൾ വായിക്കും!
ഈ സംഗമത്തെക്കുറിച്ച് ഡയർ അറിഞ്ഞു.
അവരിപ്പോഴും അവരുടെ കാഴ്ച്ചപ്പാടിൽ ഉറച്ചുനിൽക്കുന്നു. ശരി, ആളുകൾ അങ്ങോട്ടു പോവുന്നുണ്ടെങ്കിൽ എന്നെ അറിയിക്കൂ.
സർ, ഒരു സന്ദേശമുണ്ട്, ജാലിയൻ വാലാബാഗിൽ ഇപ്പോൾ തന്നെ ആയിരങ്ങൾ എത്തിക്കഴിഞ്ഞുവെന്ന്.
വിഡ്ഢികൾ! അവസാന ചിരി ആരുടേതാണെന്ന് നമുക്ക് കാണാം!
പട്ടണത്തിന്റെ ഹൃദയഭാഗത്താണ് ജാലിയൻവാലാബാഗ് സ്ഥിതി ചെയ്യുന്നത്. ചുറ്റും നിറയെ വീടുകളുള്ളതിനാൽ മൈതാനത്തിന്റെ എല്ലാ വശങ്ങളും പൂർണ്ണമായും അടച്ചിരുന്നു. അകത്തേക്ക് കടക്കാൻ മൂന്നോ നാലോ ഇടുങ്ങിയ ഗേറ്റുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.


അപ്പോഴും, കൂടുതൽ പേർ ഇടുങ്ങിയ പ്രവേശനവഴിയിലൂടെ മൈതാനത്തിലേക്കൊഴുകി.
കുഴപ്പങ്ങളൊന്നും ഇല്ലാതിരുന്നാൽ മതിയായിരുന്നു. സൈന്യം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്നാണ് അവർ പറയുന്നത്.
സുഹൃത്തേ, അതെല്ലാം വെറുതെ പറയുന്നതാ... എന്തിന് കുഴപ്പമുണ്ടാക്കണം? അവകാശങ്ങൾക്കുവേണ്ടി സമാധാനപരമായി സമരം ചെയ്യുകയല്ലേ നമ്മൾ.
സിഖുകാർക്ക് പ്രധാനപ്പെട്ട വൈശാഖ ജയന്തി ദിനമായിരുന്നു അത്. അയൽപക്ക ഗ്രാമങ്ങളിൽ നിന്നുള്ള നിരവധി പേർ നഗരത്തിലുണ്ടായിരുന്നു. വിശ്രമിക്കാൻ വേണ്ടി അവരും മൈതാനത്തിലെത്തിയിരുന്നു.
വൈകാതെ, ഒരു വലിയ ജനക്കൂട്ടം രൂപപ്പെട്ടു. കൗമാരക്കാരും കുട്ടികളുമെല്ലാം അതിലുണ്ടായിരുന്നു.
കിച്ച്‌ലു കീ ജയ്
സത്യപാൽ ജി കീ ജയ്
വരൂ, നമ്മുടെ നേതാക്കൾ അയച്ച സന്ദേശങ്ങൾ കേൾക്കാം.
താമസിയാതെ സമ്മേളനം ആരംഭിച്ചു. നിരവധി നേതാക്കൾ ജനങ്ങളെ അഭിസംബോധന ചെയ്തു.
സുഹൃത്തുക്കളേ, നമ്മുടെ നേതാവ് ഡോ. കിച്ച്‌ലു ഇപ്പോൾ ഇവിടെയില്ലെങ്കിലും ഈ മഹാ സമ്മേളനത്തിന്റെ അദ്ധ്യക്ഷത വഹിക്കുന്നത് അദ്ദേഹമാണ്.


പെട്ടെന്ന്,
ങേ, ഒരു വിമാനം!
ആളുകൾ പരിഭ്രാന്തരായി. അപ്പോൾ ഒരു രാഷ്ട്രീയപ്രവർത്തകൻ ജനക്കൂട്ടത്തെ സമാധാനിപ്പിച്ചു.
ഇരിക്കൂ, ഇരിക്കൂ... പരിഭ്രാന്തി വേണ്ട! വിമാനം അതിന്റെ ജോലി ചെയ്യുന്നു, നാം നമ്മുടെ ജോലി തുടരും.
ജനക്കൂട്ടം ശാന്തമായി.
എട്ട് നേതാക്കൾ സമ്മേളനത്തെ അഭിസംബോധന ചെയ്തു.
ഏപ്രിൽ 10ന് നിരപരാധികൾക്കു നേരെ നടന്ന വെടിവയ്പ്പ് തെറ്റായിരുന്നു. ജീവിതം നഷ്ടപ്പെട്ടവരോട് ഞങ്ങൾ സഹതാപമറിയിക്കുന്നു.
അതിനിടയിൽ, ജനറൽഡയറിന്റെ നിർദ്ദേശപ്രകാരം തൊണ്ണൂറു പേരടങ്ങുന്ന ഒരു സൈനികസംഘം വൈകുന്നേരം 4:15 ന് ജാലിയൻവാലാബാഗിലേക്ക് നീങ്ങി.
(തുടരും)





ഹാഫിള് മുഹ്സിൻ തൂത

# ഖുതുബുസ്സമാൻ മമ്പുറം തങ്ങൾ

**ഹി**ജ്റ വർഷം 1166 (എഡി 783) ൽ യമനിലെ തരീമിലായിരുന്നു മമ്പുറം തങ്ങളുടെ ജനനം. മുഹമ്മദുബ്നു സഹ്ൽ മൗലദ്ദവീല, ഫാത്തിമബീവി എന്നിവരാണ് മാതാപിതാക്കൾ. പലതരം ക്രൂരതകളും വിഷമങ്ങളും അനുഭവിക്കുന്ന കേരളത്തിലെ പാവപ്പെട്ട ജനവിഭാഗത്തിലേക്കാണ് ഒരു നിയോഗം പോലെ ഹിജ്റ 1183 ൽ, പതിനേഴാം വയസ്സിൽ സയ്യിദ് അലവി തങ്ങൾ കടൽ കടന്നെത്തിയത്. കുറച്ചുകാലം കോഴിക്കോട് താമസിച്ച തങ്ങൾ പിന്നീട് മമ്പുറത്ത് സ്ഥിരതാമസമാക്കി.

അടിച്ചമർത്തപ്പെട്ടവർക്കു വേണ്ടി സംസാരിച്ച തങ്ങൾ മുതലാളിമാരുടെയും ജന്മിമാരുടെയും മുന്നിൽ തലകുനിക്കാതെ അവകാശങ്ങൾ ചോദിച്ചു വാങ്ങിക്കൊടുത്തു. ജനങ്ങൾ തങ്ങളെ കണ്ടത് വ



ലിയൊരു സഹായിയായാണ്. ഹൈന്ദവസഹോദരങ്ങളും പ്രശ്നപരിഹാരത്തിനായി തങ്ങളെ സമീപിക്കാറുണ്ടായിരുന്നു. മതസൗഹാർദ്ദത്തിന്റെ ഉത്തമ മാതൃക ജനങ്ങൾക്ക് സമ്മാനിച്ച തങ്ങൾ ബ്രിട്ടീഷുകാർക്കെതിരെ എല്ലാവരെയും കൂട്ടുപിടിച്ച് ശക്തമായ ചെറുത്തുനിൽപ്പ് നടത്തി.

ശിഷ്യന്മാരായ ഉണ്ണി മൂസ, അത്തൻ കുരിക്കൾ, ഉമർഖാളി എന്നിവർക്ക് ബ്രിട്ടീഷ് വിരുദ്ധ പോരാട്ടവീര്യം പകർന്നുനൽകിയത് മമ്പുറം തങ്ങളായിരുന്നു. മമ്പുറം തങ്ങളുടെ പോരാട്ടവീര്യവും ജനസ്വാധീനവും തിരിച്ചറിഞ്ഞ ബ്രിട്ടീഷ് അധികാരികൾ തങ്ങളെ വധിക്കാൻ പല ഘട്ടങ്ങളിലായി ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു.

അത്തൻകുരിക്കൾ കൊല്ലപ്പെട്ടതിനെത്തുടർന്ന് മാപ്പിള മലബാറിലെ മുസ്‌ലിംകൾ നടത്തിയ മുന്നേറ്റം ബ്രിട്ടീഷുകാരെ ഏറെ പ്രയാസപ്പെടുത്തി. സമരപോരാളികളുടെ ആവേശത്തിന്റെ ഉറവിടം മനസ്സിലാക്കിയ ബ്രിട്ടീഷുകാർ തങ്ങളെ അറസ്റ്റ് ചെയ്യാൻ തീരുമാനിക്കുകയും കോഴിക്കോട്ടേക്ക് വിളിപ്പിക്കുകയും ചെയ്തു. എന്നാൽ സ്വമേധയാ ഞാൻ നിങ്ങൾക്കു മുന്നിൽ കീഴ്പ്പെടുകയില്ലെന്നും വേണമെങ്കിൽ ബലപ്രയോഗത്തിലൂടെ കീഴ്പ്പെടുത്താമെന്നും മമ്പുറം തങ്ങൾ മറുപടി നൽകി. ആ ആത്മവീര്യത്തിനു മുന്നിൽ പകച്ചുനിന്ന ബ്രിട്ടീഷുകാർ തങ്ങളെ വെറുതെ വിടുകയായിരുന്നു.

ബ്രിട്ടീഷുകാർക്കെതിരെ സമരാവേശം പകർന്ന സുപ്രധാനമായ



കൃതിയായിരുന്നു മമ്പുറം തങ്ങളുടെ സൈഫുൽ ബത്താർ. മുസ്‌ലിംകൾ മുഴുവൻ ബ്രിട്ടീഷുകാർക്കെതിരെ അണിനിരക്കണമെന്നും അവർക്ക് കീഴടങ്ങുന്നവർ ഭീരുക്കളാണെന്നും പ്രഖ്യാപിച്ച കൃതി ബ്രിട്ടീഷ് വിരുദ്ധ വികാരം ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു. 'മൂർച്ചയുള്ള വാൾ' എന്നതാണ് സൈഫുൽ ബത്താർ എന്ന വാക്കിനർത്ഥം. ആ കൃതിയുടെ സ്വാധീനം മനസ്സിലാക്കിയ കൊളോണിയൽ ശക്തികൾ അതിനെ നിരോധിക്കുകയായിരുന്നു. ചേറൂർ സമരത്തിൽ മുസ്‌ലിംകൾക്ക് ധൈര്യം പകർന്നത് പ്രസ്തുത കൃതിയായിരുന്നവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. മുട്ടിച്ചിറ, ചേറൂർ സമരങ്ങളിൽ തങ്ങൾ നേരിട്ടു പങ്കെടുത്തിരുന്നുവെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ചേറൂർ സമരത്തിലേറ്റ കാലിലെ മുറിവാണ് തങ്ങളുടെ വഫാത്തിന് കാരണമായതെന്നും പറയപ്പെടുന്നു. ഹിജ്റ 1260 മുഹറം 7 (ക്രി.1844) നായിരുന്നു മമ്പുറം തങ്ങളുടെ വിയോഗം. ഖുത്തുബുസ്സമാൻ എന്ന പേരിലാണ് മമ്പുറം തങ്ങൾ പ്രസിദ്ധനായത്.

# പേരിൽ മാത്രം കുരങ്ങൻ

**മൗ**ണ്ടെൻ മങ്കി. സ്പാനിഷ് ഭാഷയിൽ 'ചെറിയ പർവതക്കുരങ്ങ്' എന്നർത്ഥം. മോണിറ്റോ ഡെൽമോണ്ടെ എന്ന ജീവി ഒരു കുരങ്ങല്ല, മധ്യചിലിയിലും അർജന്റീനയിലും കാണപ്പെടുന്ന മാർസൂപ്പേലിയ (ഉദര സഞ്ചിയുള്ള) വിഭാഗത്തിൽപ്പെട്ട ഒരു സസ്തനിയാണ്.



ശൈത്യകാലത്ത്, മോണിറ്റോ ഡെൽമോണ്ടെ നന്നായി ഭക്ഷണം കഴിച്ച് ഒരാഴ്ചയ്ക്കുള്ളിൽ അതിന്റെ ശരീരഭാരം ഇരട്ടിയാക്കുന്നു. അധികമായുണ്ടാകുന്ന കൊഴുപ്പിന്റെ ഭൂരിഭാഗവും വാലിന്റെ അടിഭാഗത്ത് ശേഖരിച്ചുവയ്ക്കുന്നു. ഭക്ഷണമില്ലാതെ ദീർഘനേരം ജീവിക്കാൻ ഇതവരെ സഹായിക്കും.

വളരെ ചെറിയ ജീവിവിഭാഗമാണിത്. കഷ്ടിച്ച് 20 സെന്റീമീറ്റർ നീളത്തിൽ മാത്രം വളരുന്ന ഇവയുടെ പ്രധാന ഭക്ഷണം പ്രാണികളാണ്. ഇടയ്ക്കിടെ ഇവ പഴങ്ങളും കഴിക്കാറുണ്ട്.

പ്രാദേശികമായി കാണപ്പെടാറുള്ള മിസ്റ്റിൽറ്റോ ചെടിയുടെ ഫലങ്ങൾ കഴിക്കുന്ന ഏക ജീവിയാണിതെന്ന് കരുതപ്പെടുന്നു. മോണിറ്റോ ഡെൽമോണ്ടേ ഇല്ലായിരുന്നുവെങ്കിൽ ഈ ചെടിക്ക് വംശനാശം സംഭവിക്കുമായിരുന്നുവെമെന്നാണ് ശാസ്ത്രജ്ഞരുടെ നിഗമനം.

---

*മൗണ്ടെൻ മങ്കി ഇര പിടിക്കുന്ന വീഡിയോ കാണാൻ സ്കാൻ ചെയ്തോളൂ...*

# QUIZ

## ക്വിസ്

### ആനുകാലികം, പൊതുവിജ്ഞാനം

1. ബംഗ്ലാദേശിലെ ഭരണവിരുദ്ധ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയ വിദ്യാർത്ഥി സംഘടന?

2. ഒറ്റ ദിവസം കൊണ്ട് 11 ലക്ഷത്തിലേറെ വൃക്ഷത്തൈകൾ നട്ടു ഗിന്നസ് റെക്കോർഡ് സ്വന്തമാക്കിയ സംസ്ഥാനം?

3. പ്രഥമ വിജ്ഞാൻ രത്നപുരസ്കാരത്തിന് അർഹനായതാര്?

4. സർക്കാർ വിദ്യാലയങ്ങളിൽ പഠിച്ച് വിദേശത്തെ സ്ഥാപനങ്ങളിൽ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികളുടെ ആദ്യ യാത്ര ചെലവ് സർക്കാർ വഹിക്കുമെന്നറിയിച്ച സംസ്ഥാനം?

5. 2024 നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം?

6. ഉക്രൈൻ സന്ദർശിച്ച ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി?

7. ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിലിന്റെ പുതിയ ചെയർമാൻ?

8. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള യു.എസിന്റെ ആക്സിയം 4 ദൗത്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കാരൻ?

9. തായ്‌ലൻഡിന്റെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രി?

10. വൈദ്യുതി ഉല്പാദനത്തിനായി കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച ഇന്ത്യയിലെ ആദ്യ





*1. ഗോവിന്ദരാജൻ പദ്മനാഭൻ, 2. ജയ്ഷാ, 3. ശുഭാംശു ശുക്ല, പി.ആർ ശ്രീജേഷ്*

കടുവ സങ്കേതം?

11. 2025 ഏഷ്യാകപ്പിന്റെ വേദി?

12. 'ഫോർ ദി ഗെയിം, ഫോർ ദി വേൾഡ്' ഏത് അന്തർദേശീയ കായിക സംഘടനയുടെ ആപ്തവാക്യമാണ്?

13. 2024 രാജ്യാന്തര ഹോക്കി ഫെഡറേഷന്റെ അത്‌ലീറ്റ്സ് കമ്മിറ്റി അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ ഹോക്കി താരം?

14. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖല ബാങ്ക്?

15. 100 കി.മീറ്ററിലധികം നീളമുള്ള എത്ര നദികൾ കേരളത്തിലുണ്ട്?

16. ഈ വർഷത്തെ പസഫിക് ഐലൻഡ്സ് ഫോറം ഉച്ചകോടിക്ക് വേദിയാകുന്ന രാജ്യം?

17. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ പുതിയ മേധാവി?

18. ബ്രിട്ടന്റെ പുതിയ പ്രധാനമന്ത്രി?

19. എല്ലാ ഭിന്നശേഷി വ്യക്തികൾക്കും ഐഡൻറിറ്റി കാർഡ് നൽകുന്ന കേരളത്തിലെ ആദ്യ മുനിസിപ്പാലിറ്റി?

20. 2024 കേരള സ്കൂൾ ഒളിമ്പിക്സിന് വേദിയാകുന്നതെവിടെ?

**ഉത്തരങ്ങൾ**

*1. വിവേചന വിരുദ്ധ വിദ്യാർത്ഥി പ്രസ്ഥാനം (Students against discrimination), 2. മധ്യപ്രദേശ്, 3. ഗോവിന്ദരാജൻ പദ്മനാഭൻ, 4. തമിഴ്നാട്, 5. നീലു (പൊന്മാൻ), 6. നരേന്ദ്രമോദി, 7. ജയ്ഷാ, 8. ശുഭാംശു ശുക്ല, 9. പെയ്തോങ്താൻ ഷിനാവത്ര, 10. പെരിയാർ കടുവ സങ്കേതം , 11. ഇന്ത്യ, 12. ഫിഫ, 13. പി.ആർ ശ്രീജേഷ്, 14. എസ്.ബി.ഐ, 15. 11, 16. ഇന്ത്യ, 17. രാഹുൽ നവീൻ, 18. കെയ്ർ സ്റ്റാർമർ, 19. മഞ്ചേരി, 20. കൊച്ചി*

മുർഷിദ് കുന്നിൽ

സെപ്തംബർ 16:
ഓസോൺദിനം

# കീറിയെറിയല്ലേ ഭൂമിക്കുട



സൂര്യനിൽ നിന്നുള്ള അപകടകരമായ അൾട്രാവയലറ്റ് കിരണങ്ങളെ ഭൂമിയിലേക്ക് കടത്തിവിടാതെ സംരക്ഷിക്കുന്ന ഒരു കുടയുണ്ട്, ഓസോൺ കുട! ഭൂമിയിലെ അമിതമായ മലിനീകരണ പ്രവർത്തനങ്ങൾ കാരണം ഓസോൺ പാളിയിൽ വിള്ളൽ വന്നതായി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. 1994 മുതൽ 'സെപ്റ്റംബർ 16' ലോകമെങ്ങും ഓസോൺ ദിനമായി ആചരിക്കുന്നു. ഭൂമിയെ സംരക്ഷിക്കുന്നതിൽ ഓസോൺപാളിയുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനാണ് ഈ ദിനാചരണം.

## ഓസോൺ

അന്തരീക്ഷപാളിയായ സ്ട്രാറ്റോസ്ഫിയറിലാണ് നീലനിറത്തിലുള്ള ഓസോൺ പാളി കൂടുതലായി കാണപ്പെടുന്നത്. മണം എന്നർത്ഥമുള്ള 'ഒസീൻ' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഓസോൺ എന്ന പദം രൂപം കൊണ്ടത്. 1839ൽ ജർമൻ ശാസ്ത്രജ്ഞനായ ക്രിസ്റ്റ്യൻ ഫ്രെഡറിക് സ്കോൺബീൻ, തന്റെ പരീക്ഷണശാലയിൽ അസാധാരണമായ ഒരു ഗന്ധം പരക്കുന്നതായി ശ്രദ്ധിച്ചു. ഒരു പുതിയ പദാർഥം ഉൽപാദിപ്പിക്കപ്പെട്ടതുകൊണ്ടാണിതെന്ന് അദ്ദേഹം കണ്ടെത്തി. വെള്ളത്തിലൂടെ വിദ്യുച്ഛക്തി

കടത്തിവിടുമ്പോൾ ഒരു പ്രത്യേക മണം ഉണ്ടാകുന്നതിനെക്കുറിച്ച് സർവകലാശാലയിലെ പ്രത്യേക ഗവേഷണ സമിതിയിൽ 1839ൽ അദ്ദേഹം സംസാരിച്ചു. ആ മണത്തിനദ്ദേഹം ഓസോൺ എന്ന പേര് നൽകി.

## മോൺട്രിയോൾ പ്രോട്ടോകോൾ

വർഷം 1984. പതിവുപരിശോധനകളുടെ ഭാഗമായി അന്റാർട്ടിക്കയിലെ ഡോബ്സൺ ഓസോൺ സ്പെക്ട്രോഫോട്ടോമീറ്ററിൽ നിന്നുള്ള വിവരങ്ങൾ പരിശോധിക്കുകയായിരുന്നു ബ്രിട്ടീഷ് അന്റാർട്ടിക് സർവേയിലെ ശാസ്ത്രജ്ഞന്മാരിലൊരാളായിരുന്ന ജോനാഥൻ ഷാങ്ക്ലിൻ. അപ്പോഴാണ് തികച്ചും അസാധാരണമായ ഒരു സംഭവം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. ആശങ്ക തോന്നിയെങ്കിലും അതൊരു ഒറ്റപ്പെട്ട സംഭവമാണോ എന്ന് പരിശോധിക്കാനായി 1970 മുതലുള്ള കണക്കുകളെടുത്ത് അദ്ദേഹം പരിശോധനയാരംഭിച്ചു. അതൊരു ഒറ്റപ്പെട്ട സംഭവമായിരുന്നില്ല. 1970 കളുടെ മധ്യം മുതൽ അന്റാർട്ടിക്കയിൽ വസന്തകാലത്ത് ഓസോണിന്റെ അളവ് വളരെ കുറയുന്നുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. 1984ൽ



ഹാലി റിസർച്ച് സ്റ്റേഷന് മുകളിലുള്ള ഓസോണിന്റെ അളവ് വളരെ കുറഞ്ഞിരുന്നു. ഈ കണ്ടെത്തലിന്റെ ഫലമായി ഓസോൺ സംരക്ഷണത്തിനുള്ള പദ്ധതികൾ ലോകം ആവിഷ്കരിക്കാൻ തുടങ്ങി.

ഓസോൺപാളിയുടെ സംരക്ഷണത്തിനായി 1987 സെപ്റ്റംബർ 16ന് ഒരു ഉടമ്പടി ഒപ്പുവച്ചു. ഓസോൺപാളിയിൽ സുഷിരങ്ങൾ സൃഷ്ടിക്കുന്ന രാസവസ്തുക്കളുടെ നിർമ്മാണവും ഉപയോഗവും കുറയ്ക്കുകയാണ് ലക്ഷ്യം. ഈ ഉടമ്പടിയെ മോൺട്രിയോൾ പ്രോട്ടോകോൾ എന്നറിയപ്പെട്ടു.

## ഓസോൺ പാളിക്ക് ശോഷണം

ദിനം പ്രതി ഓസോൺപാളിക്ക് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒരു പ്രദേശത്തിനു മുകളിൽ 220 ഡോബ്സൺ യൂണിറ്റ് വരെയോ അതിൽ കുറവോ ഓസോൺ കുറയുന്ന അവസ്ഥയെയാണ് ഓസോൺ ദ്വാരം എന്നു പറയുന്നത്. തന്മൂലം അൾട്രാവയലറ്റ് കിരണങ്ങൾ ഭൂമിയിലേക്കെത്തുകയും മനുഷ്യൻ അടക്കമുള്ള ജീവജാലങ്ങളുടെ നാശ





ത്തിനു കാരണമാവുകയും ചെയ്യും. നൈട്രസ് ഓക്സൈഡ്, നൈട്രിക് ഓക്സൈഡ് എന്നീ വാതക തന്മാത്രകൾക്കും ക്ലോറിൻ, ബ്രോമിൻ എന്നീ വാതകങ്ങളുടെ ആറ്റങ്ങൾക്കും ഓസോണിനെ വിഘടിപ്പിക്കാൻ കഴിയും. എയർകണ്ടീഷണറുകളിലും റഫ്രിജറേറ്ററുകളിലും ശീതീകരണത്തിനായി ഉപയോഗിക്കുന്ന ക്ലോറോഫ്ലൂറോകാർബണുകൾ സ്ട്രാറ്റോസ്ഫിയറിലെത്തി വിഘടിച്ച് ക്ലോറിൻ ഉണ്ടാകുന്നു. ഇത് ഓസോൺ തന്മാത്രകളെ വിഘടിപ്പിക്കുന്നു. ഒരു ക്ലോറിൻ ആറ്റത്തിന് ഒരുലക്ഷം ഓസോൺ തന്മാത്രകളെ വിഘടിപ്പിക്കാൻ കഴിയുമത്രെ!

ഓസോൺപാളിയെ നശിപ്പിക്കുന്ന കാർബൺ ഉദ്വമനത്തിന്റെ പ്രധാന കാരണം നിയന്ത്രണമില്ലാത്ത ഉൽപാദനമാണ്. ലോക ജനസംഖ്യയുടെ 10 ശതമാനമാണ് കാർബൺ പുറന്തള്ളുന്നവരിൽ പകുതിയും. ഇതിൽ മൂന്നിൽ രണ്ട് ഭാഗവും വികസിത രാജ്യങ്ങളാണ്.

## ഉറപ്പ്

**പി. വി. എസ്**
**പടിക്കൽ**

ഉരുക്കിനെക്കാൾ ഉറപ്പ്
നമ്മുടെ കരുത്തിനുണ്ടല്ലോ.
മനക്കരുത്തിനുണ്ടല്ലോ.

കരുത്തുണർത്താൻ
കഴിഞ്ഞുവെന്നാൽ
അത്ഭുതമാണല്ലോ ജീവിത
വിജയമുറപ്പല്ലോ.



മിസ്റ്റർ
മണ്ടപ്പൻ
അപ്പന്മാർ പ്രഭാതസവാരിക്കിടെ
ശാന്തസുന്ദരമായ അന്തരീക്ഷം.
അതേ, പക്ഷികളുടെ താളനിബദ്ധമായ സംഗീതം!
അണ്ണേ, എവിടെനിന്നു പഠിച്ചു ഈ സാഹിത്യ പദാവലികൾ?
അതൊക്കെ ഈ പ്രകൃതി സൗന്ദര്യം കാണുമ്പോൾ അറിയാതെ നിർഗളിക്കുന്നതല്ലേ മച്ചൂ...
ഇനി താഴോട്ട് നോക്കി രണ്ടു വാക്ക് പറഞ്ഞാട്ടെ!
ഈ വാരിക്കുഴി റോഡ് നോക്കി എന്തു പറയാനാ മച്ചൂ.


2
വാഹനങ്ങളൊന്നും കാണുന്നില്ലല്ലോ, ഇന്ന് ഹർത്താലാണോ?
ഹർത്താലയാലും ഇല്ലെങ്കിലും ഈ പാതാളവഴിയിലൂടെ വാഹനങ്ങളൊന്നും വരില്ല.
പറഞ്ഞു തീർന്നതും,
ദേ, മച്ചൂ ഒരു വാൻ വരുന്നു.
വാനിന് സ്പീഡിത്തിരി കൂടുതലാണല്ലോ അണ്ണേ!
മാറിക്കോ അണ്ണേ!
ബ്രൂം...
ഹയ്യോ, ചെളി!


ഇതിനിപ്പോൾ നാം ആരെ പഴിക്കും? വാനിനെയോ റോഡിനെയോ?
ആരെയും പഴിക്കണ്ട മച്ചൂ... ഇതുവഴി നടന്ന നമ്മളെ പറഞ്ഞാൽ മതി!
ഏതായാലും നനഞ്ഞു. ഒന്ന് കുളിച്ചു കയറിയാലോ?
മനസ്സിലായില്ല.
ഐ... മീൻ... റോഡിലെ കുഴികളടച്ച് ഒരു സാമൂഹ്യപ്രവർത്തനം?
അതു കൊള്ളാം!
വീട്ടിൽ പോയി തൂമ്പയും കൊട്ടയുമായി വരാം.
യെസ്, കമോൺ!


തത്സമയം വണ്ടിയിൽ,
ഇനി അതുവഴി തന്നെ തിരിച്ചു പോകണോ?
അല്ലാതെ വേറെന്തു വഴി?
വരുമ്പോൾ ഭാഗ്യം കൊണ്ട് രക്ഷപ്പെട്ടതാ.
അപ്പന്മാർ നന്നായി ചെളിയിൽ കുളിച്ചിട്ടുണ്ട്.
അവന്മാരവിടെ നമ്മെ കാത്തിരിപ്പുണ്ടാവുമോ?
പിടിക്കപ്പെട്ടാൽ പെട്ടതു തന്നെ! ലഹരിക്കടത്ത് ജാമ്യമില്ലാ കേസാണ്.
ഏതായാലും വണ്ടി പറത്തിവിട്ടോ.
അപ്പന്മാർ തൂമ്പയും കൊട്ടയുമായി റോഡിൽ
ദാ, അവിടെനിന്ന് മണ്ണെടുക്കാം.
ശരി, എന്നാൽ നമുക്ക് തുടങ്ങാം.


ദേ, അണ്ണേ ആ
വാൻ തിരിച്ചുവരുന്നു.
മച്ചൂ,
മാറിക്കോ!
സ്പീഡ് അപ്!
കത്തിച്ചു വിട്...
യെസ്
ബോസ്!
എങ്ങോട്ടാണീ
മരണപ്പാച്ചിൽ?
അടുത്ത നിമിഷം,
ബോസ്
കുഴി!
ഹമ്മേ, നമ്മള്
എയറിൽ പോ
ണേയ്!


മച്ചൂ, കമോൺ. സംഗതി സീരി യസാണെന്ന് തോന്നുന്നു.
അപകടസ്ഥലത്ത്,
ഹമ്പട! ചെന്നാ യനും ശിങ്കിടി യുമല്ലേ ഇത്?
യെസ്! ഇത് സീരിയസ് തന്നെ!
ഏമാന്മാർ പാഞ്ഞെത്തി
ഹ ഹ! ലഹരിക്കട ത്താണല്ലേ പുതിയ ബിസിനസ്?
ഇനി കുറച്ചുകാലം ജയിലിൽ കഴിയാം.
റോഡിലെ കുഴികൾ കൊണ്ട് ഇങ്ങനെ ചി ല ഉപകാരങ്ങളുമുണ്ട്.
ഇത് വല്ലാത്തൊ രു സാമൂഹ്യ പ്ര വർത്തനം തന്നെ!
കോൺഗ്രാറ്റ്സ് അ പ്പന്മാരേ, ലഹരിക്ക ടത്ത് സംഘത്തെ തൊണ്ടി സഹിതം പിടിച്ചല്ലോ!
ദാറ്റ് ഈസ് അവർ സോഷ്യൽ വർക്ക്!

ഹരീഷ് ആർ നമ്പൂതിരിപ്പാട്

# നല്ല കൂട്ടുകാർ

**ചി**ങ്കൻ കുരങ്ങനും പങ്കൻ കുരങ്ങനും നല്ല കൂട്ടുകാരായിരുന്നു. ഒരുദിവസം വഴക്കുണ്ടാക്കി അവർ തമ്മിൽ പിണങ്ങി

‘ഇനി നീ എന്നോടു മിണ്ടണ്ട.’ ചിങ്കൻ പറഞ്ഞു.

‘ഇനി മുതൽ എനിക്കു നിന്നെ കാണണ്ട.’ പങ്കനും പറഞ്ഞു.

അങ്ങനെ പരസ്പരം മിണ്ടാതെയും കാണാതെയും അവർ ആ കാട്ടിൽ കഴിഞ്ഞു.

ഒരു ദിവസം മരച്ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു ചിങ്കൻ. പെട്ടെന്ന്, ഉറക്കെ ചിന്നം വിളിച്ച് കാടുവിറപ്പിച്ചു കൊണ്ട് ഒരു കൊമ്പനാന പാഞ്ഞുവന്നു. മുന്നിൽ കാണുന്നതെല്ലാം തട്ടിത്തെറിപ്പിച്ചാണവൻ ഓടിവരുന്നുത്. ഇതു കണ്ട പങ്കൻ ഒരു കാട്ടുവള്ളിയിൽ തൂങ്ങിവന്ന് ചിങ്കനെ കോരിയെടുത്ത് ദൂരേക്കെറിഞ്ഞു.

കൊമ്പൻ ഇതൊന്നുമറിയാതെ അലറി വിളിച്ച് മുന്നോട്ടു കുതിച്ചു. ഉറക്കം നഷ്ടപ്പെട്ട് അകലെ ചെന്നുവീണ ചിങ്കൻ ദേഷ്യം കൊണ്ട് പല്ലിറുമ്മി. പങ്കനു നേരെ ഓടിച്ചെന്നു.

‘ഒന്നുറങ്ങാനും സമ്മതിക്കാതെ ദ്രോഹിക്കുന്നോ, നിന്നെ ഞാനിന്ന് ശരിയാക്കുന്നുണ്ട്’ എന്നുപറഞ്ഞ് ചിങ്കൻ പങ്കനു മേൽ ചാടിവീണു.

ഇതെല്ലാം കരടിയപ്പൂപ്പൻ കാണുന്നുണ്ടായിരുന്നു. തർക്കത്തിൽ ഇടപെട്ട് കരടിയപ്പൂപ്പൻ പറഞ്ഞു:

‘അരുത് ചിങ്കാ, ഈ പങ്കനില്ലായിരുന്നെങ്കിൽ നീ ആ കൊമ്പനു മുന്നിൽ പെട്ട് ഇതിലും അകലെച്ചെന്നു വീണേനെ.’

വിവരങ്ങളറിഞ്ഞപ്പോൾ ചിങ്കന് സങ്കടമായി. അവൻ പങ്കനെ ചേർത്തുപിടിച്ച് നെറുകയിൽ മുത്തം കൊടുത്തുകൊണ്ട് പറഞ്ഞു:

‘ആപത്തു വന്നപ്പോൾ കോപം മറന്നെന്റെ



ജീവൻ രക്ഷിച്ചൊരു ചങ്ങാതീ,
തമ്മിൽ തിരിച്ചറിയാതെ പിണങ്ങിയ
എന്നോടു നീയൊന്ന് ക്ഷമിച്ചാട്ടെ!'

പിണക്കമെല്ലാം മാറി അവർ വീണ്ടും നല്ല കൂട്ടുകാരായി കാട്ടിൽ സന്തോഷത്തോടെ ജീവിച്ചു.




ഹോജ
അയൽവാസി ഹോജയുടെ വീട്ടിൽ,
താങ്കളുടെ കയർ ഒന്നു വായ്പ തരാമോ?
ങേ?
അകത്തു പോയി വന്നശേഷം
കഷ്ടം സുഹൃത്തേ, കയറിന്മേൽ എന്റെ ഭാര്യ ധാന്യപ്പൊടി ഉണക്കാനിട്ടിരിക്കുകയാണ്.
ങേ?
കയറിന്മേൽ ധാന്യപ്പൊടി ഉണക്കാനിടുകയോ? അതെങ്ങനെ?
കയർ വായ്പ തരാൻ താല്പര്യമില്ലെങ്കിൽ ഞങ്ങൾക്കതിനൊക്കെ കഴിയുമെന്നേ…

നോവൽ – 13

മുജ്തബ നസ്വീഫ്

# ഉമ്മയൊരു മഴക്കാലം പൊലെ

**അ**ബൂട്ടിയുടെ കണ്ണുകൾ നിറഞ്ഞു. കവിളിലൂടെ കണ്ണീർ ഒലിച്ചിറങ്ങി. എത്ര തടഞ്ഞിട്ടും നിൽക്കാതെ തേങ്ങലായി, കരച്ചിലായി.

ഉസ്താദെന്താണീ പറഞ്ഞത്, അബൂട്ടി സ്കൂളിലും മദ്റസയിലും പോകില്ലെന്നു പറഞ്ഞു ശാഠ്യം പിടിച്ച് ആടുകളുടെ പിന്നാലെ നടക്കുകയാണെന്നോ? അതോർത്തപ്പോൾ അവൻ കരഞ്ഞുപോയി.

‘എന്തിനാണ് മോൻ കരയുന്നത്? ഞാൻ വെറുതെ പറഞ്ഞതല്ലേ?’ റഹീമുസ്താദ് അവനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, അവന്റെ കരച്ചിലടങ്ങിയില്ല. അതുകണ്ട് ഉസ്താദുമാരും വിഷമത്തിലായി. അതിനിടെ കരീമുസ്താദ് പറയുന്നത് കേട്ടു: ‘അവനൽപ്പനേരം കരയട്ടെ. നമുക്കെന്നിട്ടു സംസാരിക്കാം. കരഞ്ഞാൽ മനസ്സിനൊരു സമാധാനമുണ്ടാവും.’

റഹീമുസ്താദിനോടു ചേർന്നുനിന്ന് അവനേറെ കരഞ്ഞു. ഉസ്താദ് വാത്സല്യത്തോടെ അവനെ തലോടിക്കൊണ്ടിരുന്നു.

കരച്ചിലടങ്ങിയപ്പോൾ ഉസ്താദ് മെല്ലെ പറഞ്ഞു: ‘അബൂട്ടീ, മോനിനിയും പഠിക്കണം. മിടുക്കനാണല്ലോ അബൂട്ടി. പഠിച്ചുപഠിച്ചു മോൻ വലിയ ആളാവണം. അതു പറയാനാ ഞങ്ങൾ മോനെത്തേടി വന്നത്.’

അപ്പോൾ അബൂട്ടി പെട്ടെന്ന് പറഞ്ഞു: ‘ഉസ്താദേ, ന്നെ പഠിക്കാൻ സമ്മതിക്കൂലാ.’

‘ആര്?’ ഉസ്താദുമാർ രണ്ടുപേരും ഒന്നിച്ചു ചോദിച്ചു.

### പാമ്പുകളുടെ നൃത്തം

**പാ**മ്പാട്ടികൾക്കു മുന്നിൽ നൃത്തം ചെയ്യുന്ന പാമ്പുകളെ കണ്ടിട്ടില്ലേ? കുഴലൂതുമ്പോഴുണ്ടാകുന്ന സംഗീതത്തിനനുസരിച്ചല്ല പാമ്പുകൾ നൃത്തം ചെയ്യുന്നത്. യഥാർത്ഥത്തിൽ, ഉയർന്ന അളവിലുള്ള ശബ്ദങ്ങൾ പാമ്പുകൾക്ക് കേൾക്കാനേ കഴിയില്ല. പാമ്പാട്ടിയോടുള്ള അടുപ്പവും സംഗീതമുണ്ടാക്കുന്ന കുഴലിന്റെ ചലനവുമാണ് നൃത്തം ചെയ്യാൻ പാമ്പിന് ഉത്തേജനം നൽകുന്നത്.



'മാമനും മാമിയും.'

'ങേ...? അങ്ങനെയോ?' അവർ ആശ്ചര്യത്തോടെ മുഖത്തോടു മുഖം നോക്കുന്നത് കണ്ടു.

'ആടുകളെ നോക്കാൻ പോയില്ലെങ്കില് കൊന്നുകളയുമെന്ന് പറഞ്ഞ്.' അബൂട്ടി തുറന്നു പറഞ്ഞു.

'അതൊന്നും നടക്കാൻ പോകുന്നില്ല അബൂട്ടീ. മോനെ ഞങ്ങൾ പഠിപ്പിക്കും. എന്താ..?'

ഉസ്താദ് ഉറപ്പിച്ചു പറഞ്ഞപ്പോൾ അവൻ പ്രതീക്ഷയോടെ അവരുടെ മുഖത്തേക്ക് നോക്കി.

'അതേ, സത്യമായിട്ടും അബൂട്ടിക്കു പഠിക്കാൻ ഞങ്ങൾ സൗകര്യമുണ്ടാക്കും.' ഉസ്താദ് വീണ്ടും പറഞ്ഞപ്പോൾ അബൂട്ടിയുടെ മുഖമൊന്നു തെളിഞ്ഞു; കാർമേഘങ്ങൾക്കിടയിലെ അമ്പിളിമാമനെപ്പോലെ!

'അപ്പോ ഉസ്താദേ, മാമൻ?' അബൂട്ടി സംശയത്തോടെ ചോദിച്ചു.

'മാമനെ ഞങ്ങൾ പറഞ്ഞു സമ്മതിപ്പിക്കാം.' അബൂട്ടിക്ക് ഉറപ്പുകൊടുത്ത് ഏറെനേരം അവനൊപ്പമിരുന്ന് പല കഥകളും പറഞ്ഞാണ് ഉസ്താദുമാർ പോയത്. പോകുമ്പോൾ റഹീമുസ്താദ് പറഞ്ഞു: 'അബൂട്ടി നാളെ മുതൽ രാത്രി പള്ളിയിൽ വരണം. അവിടെ ദർസിൽ പഠിക്കാം. വൈകുന്നേരം ആടുക

ളെ കൂട്ടിലാക്കിയ ശേഷം വന്നാൽമതി. പള്ളിയിലെ ഉസ്താദിനോട് ഞങ്ങൾ കാര്യങ്ങളെല്ലാം സംസാരിക്കാം.'

***    ***    ***

പള്ളിദർസിൽ വലിയ കുട്ടികളാണ് പഠിക്കുന്നത്. മദ്റസയിൽ നിന്ന് ഏഴാം ക്ലാസും പത്താം ക്ലാസുമൊക്കെ കഴിഞ്ഞ കുട്ടികൾ. പിന്നെ പല നാടുകളിൽ നിന്നും വന്ന് താമസിച്ചു പഠിക്കുന്ന മൊയ്ല്യാരുട്ടികളും. അവിടെ ഈ അഞ്ചാംക്ലാസുകാരന് വല്യുസ്താദ് ക്ലാസെടുക്കുമോ? അബൂട്ടിക്ക് സംശയവും ആശങ്കയുമുണ്ട്. ഉസ്താദുമാർ പറഞ്ഞതല്ലേ; അബൂട്ടി പോകാൻ തന്നെയുറച്ചു. അപ്പോഴും പേടിയുണ്ട്; മാമനും മാമിയും പോകേണ്ടെന്നു പറയുമോ? പറഞ്ഞാലെന്തു ചെയ്യും?

ആലോചിച്ചാലോചിച്ച് ഒരെത്തും പിടിയും കിട്ടാതെ തിരിഞ്ഞും മറിഞ്ഞും കിടന്നുഴലുന്നതിനിടയിലാണ് മാമന്റെ കനത്ത ശബ്ദം കേട്ടത്: 'ആ മൊയ്ല്യാമ്മാര് വന്ന് പറയാ, അവനെ പഠിക്കാനയക്കണംന്ന്.'

'അത് നമ്മളല്ലേ തീരുമാനി



ക്കേണ്ടത്?' മാമിയുടെ കടുത്ത സ്വരം.

'അതുതന്നെയാ ഞാനവരോട് ചോദിച്ചത്. അപ്പൊ അവര് പറയാ, കേസായാ കുടുങ്ങുംന്ന്.'

'എന്ത് കേസ്? ആരാ കേസ് കൊടുക്കാൻ പോണ്?'

'കേസ് കൊടുക്കണന്നില്ലാത്രേ, എന്താ... ബാലാവകാശകമ്മീഷനോ.... ചൈൽഡ്‌ലൈനോ.... എന്തൊക്കെയോ ണ്ടത്രേ! വിവരമറിഞ്ഞാ മതി, അവര് കേസെടുക്കുംന്ന്... പിന്നെ നമ്മൾ കേസും കൂട്ടവുമായി നടക്കേണ്ടി വരുംന്ന്.'

'നേരോ? ഇനിപ്പോ എന്താ ചെയ്യാ...?'

'തൽക്കാലം അവനെ ദർസിലെങ്കിലും പറഞ്ഞയക്കണംന്നാ അവര് പറഞ്ഞത്.'

'അപ്പോ ആടുകളെ മേയ്ക്കാൻ ആരാണ്ടാവാ?'

'വൈകുന്നേരം ആടുകളെ കൂട്ടിലാക്കീട്ട് പൊയ്ക്കോട്ടെ. രാവിലെ അവനോടീ വിവരം പറഞ്ഞേക്ക്.'

മാമന്റെ ശബ്ദം നേർത്തുവരുന്നതവൻ മനസ്സിലാക്കി. അപ്പോഴേക്കും ഉറക്കം വന്നു കണ്ണുകളെ കീഴ്പ്പെടുത്തിക്കഴിഞ്ഞിരുന്നു. ഉറക്കിലെപ്പോഴോ ഉപ്പ കിനാവിൽ വന്നു വർത്തമാനങ്ങൾ പ





റഞ്ഞു. പഠിച്ചു പഠിച്ച് വലിയ ആളാവണമെന്ന് പറഞ്ഞാണ് പോയത്. ഉമ്മയുമുണ്ടായിരുന്നല്ലോ ഒപ്പം. പക്ഷേ, ഉമ്മ കരയുകയായിരുന്നു. ഈ ഉമ്മയുടെ കണ്ണീര് എപ്പോഴാണൊന്ന് തോര്ന്നു കിട്ടുക. ഉമ്മയെ കാണുമ്പോഴൊക്കെ ഓര്മ്മ വരും; ഒരിക്കലും തോരാതെ തുടര്ച്ചയായി ചിന്നിച്ചിതറി പെയ്തുകൊണ്ടിരിക്കുന്ന മഴക്കാലത്തെ!

വെയില് മങ്ങിത്തുടങ്ങിയപ്പോഴേ ആടുകളെ തെളിച്ചുകൂട്ടി കുന്നിറങ്ങിത്തുടങ്ങിയതാണ്. എന്നിട്ടും വീട്ടിലെത്തിയപ്പോഴേക്കും ഇരുള് പരന്നു തുടങ്ങിയിട്ടുണ്ട്. ദൂരെയെങ്ങോ നിന്ന് മഗ്രിബ് ബാങ്കിന്റെ ഒലി കേള്ക്കുന്നുണ്ട്. മഗ്രിബ് നിസ്കരിച്ച ശേഷമാണ് രാത്രി ദര്സ് തുടങ്ങുകയെന്നാണ് ഉസ്താദ് പറഞ്ഞത്. അപ്പോഴേക്കും പള്ളിയിലെത്തണം.

അബൂട്ടി ധൃതിയില് ആടുകളെ തെളിച്ചു കൂട്ടിലാക്കി കിണറ്റിന്കരയിലേക്കോടി. വെള്ളം കോരിയെടുത്ത് ഒന്നു കുളിച്ചു. മാറ്റിയുടുക്കാന് മുഷിഞ്ഞ കുപ്പായവും മുണ്ടുമേയുള്ളൂ. ഉസ്താദുമാരുടെതുപോലെ പളപളാ മിന്നുന്ന വെള്ളയുടുപ്പുകളൊന്നും തനിക്കില്ലല്ലോ. അവന് ഉള്ളത് ധരിച്ച് പുറത്തേക്കിറങ്ങുമ്പോള് മാമി വിളിച്ചു: 'എടാ, ഈ കട്ടന് ചായ കുടിച്ചു പൊയ്ക്കോ.'

അത് കുടിക്കാതെ പോയാലും കുഴപ്പമാണ്. അവന് അടുക്കളയിലേക്ക് ഓടിച്ചെന്ന് ഗ്ലാസെടുത്ത് വലിച്ചുകുടിച്ചു പുറത്തിറങ്ങി. ഇരുട്ടു പരന്ന വഴിയിലൂടെ തിരക്കിട്ടു നടന്നു. (തുടരും)

# ആമയും കുറുക്കനും


തീരത്തെ മണലിൽ വെയിൽ കൊള്ളുകയായിരുന്നു കടലാമ
ഹായ്, ശാന്ത സുന്ദരമായ സായാഹ്നം!
അപ്പോഴാണ് ഒരു കുറുക്കൻ അവിടെയെത്തിയത്.
ഹമ്പട, കിട്ടിപ്പോയ്!
ങേ! തല വലിച്ചേക്കാം.
ഹ ഹ ഹ! വിശക്കുമ്പോൾ തല പുറത്തു വരുമല്ലോ. ഞാനിവിടെത്തന്നെയുണ്ട്.
ങേ, കുടുങ്ങിയല്ലോ...
ആമ പറഞ്ഞു
ദയവുചെയ്ത്, ദൂരെ ദ്വീപിലുള്ള എന്റെ മക്കളെ കാണാൻ എന്നെ അനുവദിക്കണം. അവരെ നന്നായി വളർത്താൻ എന്റെ അയൽക്കാരിയോട് പറഞ്ഞു ഞാൻ തിരിച്ചു വരാം.
ഹയ്യട! വേല മനസ്സിലിരിക്കട്ടെ!


വിശ്വാസമില്ലെങ്കിൽ
എന്റെ പുറത്തു ക
യറിക്കോളൂ.
കുറുക്കൻ ആമപ്പുറത്തു കയറി യാത്രയാരംഭിച്ചു.
മക്കളും അയൽവാ
സികളുമൊക്കെയാ
യി ഇന്നത്തെ കാര്യം
കുശാലായി.
കരയിൽനിന്ന് അൽപ്പദൂരം സഞ്ചരിച്ചപ്പോൾ,
എന്റെ പുറ
ത്തു നിന്നിറ
ങ്ങിക്കോളൂ.
ങേ? എവിടെ
നിന്റെ കുഞ്ഞു
ങ്ങൾ?
ങ്ഹാ, കടലിന്റെ അ
ടിയിലേക്ക് ചെല്ല്.
അവിടെയാണെന്റെ
കുഞ്ഞുങ്ങൾ.

സമസ്ത ചരിത്രം - 12

# പറവണ്ണ മുഹിയുദ്ദീൻ കുട്ടി മുസ്‌ലിയാർ

റൈഹാൻ

എവിടെയെങ്കിലും പറവണ്ണയുടെ വഅളുണ്ടെന്നു കേട്ടാൽ ജനങ്ങൾക്ക് ആവേശമാണ്. രാത്രികളിൽ ചൂട്ടുകത്തിച്ച് എത്ര ദൂരം വേണമെങ്കിലും നടന്നുപോകും. പത്തും പതിനഞ്ചും കിലോമീറ്റർ ഇങ്ങനെ നടന്നുപോയി വഅള് കേട്ട കഥകൾ പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. കേവലം സാധാരണക്കാർക്കു മാത്രമല്ല, മതപണ്ഡിതന്മാർക്കും ഉന്നത ഭൗതിക വിദ്യാഭ്യാസം നേടിയവർക്കുമെല്ലാം പറവണ്ണയുടെ വഅള് വളരെ ഇഷ്ടമാണ്. മുഖ്യമായി ശുദ്ധഭാഷ തന്നെ കാരണം; മറ്റൊന്നാണ് പ്രസംഗശൈലി. ഒട്ടും മടുപ്പ് വരാതെ എത്രനേരം വേണമെങ്കിലും ആ വഅള് കേട്ടിരിക്കാമായിരുന്നുവത്രെ! രാഷ്ട്രീയ പ്രഭാഷകൻമാരെയും സാഹിത്യകാരന്മാരെയും പോലും തോൽപ്പിക്കുന്ന ഭാഷയും ശൈലിയും പറവണ്ണയുടെ പ്രഭാഷണത്തെ ജനപ്രിയമാക്കി മാറ്റി.

ആരാണീ പറവണ്ണയെന്നോ, പറവണ്ണ മുഹ്‌യുദ്ദീൻ കുട്ടി മുസ്‌ലിയാർ എന്നാണു പേര്. അബ്ദുൽബശീർ എന്നും അദ്ദേഹം അറിയപ്പെട്ടിരുന്നു. 1897 ൽ പറവണ്ണ ദേശത്താണു ജനനം. പറവണ്ണ കുഞ്ഞവറാൻ മരക്കാരകത്ത് കമ്മദ് അലി സാഹിബിന്റെയും കുട്ടിആഇശയുടെയും മകനാണ്. പ്രൗഢിയും പ്രതാപവുമുള്ള കുടുംബത്തിൽ പിറന്ന മുഹ്‌യുദ്ദീൻ കുട്ടിക്ക് മതപഠനത്തോടായിരുന്നു താല്പര്യം. പറവണ്ണയിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ ശേഷം അക്കാലത്ത് പേരുകേട്ട പണ്ഡിതനായ കൂട്ടായി ബാവ മുസ്‌ലിയാരുടെയും ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെയും മമ്മൂട്ടി മുസ്‌ലിയാരുടെയുമൊക്കെ ദർസുകളിൽ ചേർന്ന് ഉപരിപഠനം നടത്തി. പിന്നെ ബിരുദപഠനത്തിനായി വെല്ലൂരിലേക്കു പോയി.

അവിടെ മൂന്നുവർഷം പഠിച്ചു ബിരുദം നേടി നാട്ടിലേക്ക് വന്നു.

ആദ്യം പറവണ്ണയിൽ തന്നെയാണ് ദർസ് നടത്തിയത്. പിന്നെ കണ്ണൂർ, പെരിങ്ങത്തൂർ, വാഴക്കാട്, പറമ്പത്ത്, പരപ്പനങ്ങാടി, താനൂർ പുളിക്കൽ എന്നിവിടങ്ങളിലും മുദരിസായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇതിനിടയിൽ ബർമ, മലായി തുടങ്ങിയ വിദേശരാജ്യങ്ങൾ സന്ദർശിച്ച് അറിവും അനുഭവ പരിചയവും നേടിയിട്ടുണ്ട്.

പഠനകാലത്തേ സംഘടനാ താല്പര്യം ഉണ്ടായിരുന്നു പറവണ്ണ ഉസ്താദിന്. വെല്ലൂരിൽ പഠിക്കുമ്പോൾ മലയാളി വിദ്യാർത്ഥികൾക്കായി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സമാജം രൂപീകരിച്ചിരുന്നുവത്രെ. അദ്ദേഹം തന്നെയായിരുന്നു അതിന്റെ പ്രസിഡന്റ്. മലയാളത്തിനു പുറമെ അറബി, ഇംഗ്ലീഷ്, തമിഴ്, പേർഷ്യൻ ഭാഷകൾ നന്നായി കൈകാര്യം ചെയ്യാൻ കഴിയുന്ന അപൂർവ്വ പണ്ഡിതരിൽ ഒരാളാണ് പറവണ്ണ ഉസ്താദ്. പ്രസംഗ കലയിൽ മാത്രമല്ല, എഴുത്തു കലയിലും അദ്ദേഹത്തിന് ശോഭിക്കാൻ കഴിഞ്ഞു. സമസ്തയുടെ കീഴിൽ പ്രസിദ്ധീകരിച്ചിരുന്ന അൽബയാൻ മാസികയുടെ പത്രാധിപരായിരുന്നു അദ്ദേഹം. 'നൂറുൽ ഇസ്‌ലാം' എന്ന പേരിൽ ഒരു മലയാള മാസികയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.



'അൽബയാനു ഫിത്തറാവീഹ്' തുടങ്ങിയ ചില അറബി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

മദ്റസ പ്രസ്ഥാനത്തിന്റെ തുടക്കത്തിനും വിദ്യാഭ്യാസ ബോർഡിന്റെ രൂപീകരണത്തിനും മറ്റുള്ള ചർച്ചകൾക്കും തുടക്കം കുറിച്ചത് പറവണ്ണ ഉസ്താദായിരുന്നു.

സമസ്തയുടെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച കാലത്ത് ശ്രദ്ധേയമായ പല പ്രവർത്തനങ്ങൾക്കും ഉസ്താദ് നേതൃത്വം നൽകി. 1951 ൽ വാളക്കുളത്ത് നടന്ന സമസ്ത സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു പറവണ്ണ മുഹ്യുദ്ദീൻ കുട്ടി മുസ്‌ലിയാർ.

നവീനാശയക്കാരുടെ പേടിസ്വപ്നമായിരുന്നു പറവണ്ണ ഉസ്താദ്. തറാവീഹിന്റെ റക്അത്തുകളുടെ എണ്ണം സംബന്ധമായി കൊടിയത്തൂരിൽ നടന്ന പ്രസിദ്ധമായ വാദപ്രതിവാദത്തിന്റെ മുഖ്യ ആസൂത്രകനും നടത്തിപ്പുകാരനുമായിരുന്നു. ഇങ്ങനെ സമസ്തയെ പുരോഗമനപരമായ പ്രവർത്തനവീഥിയിലേക്കു കൊണ്ടുവന്ന ഉസ്താദ് അനാരോഗ്യം കാരണം 1957 ൽ സമസ്തയുടെ സെക്രട്ടറി, വിദ്യാഭ്യാസ ബോർഡ് പദവികളിൽ നിന്ന് സ്വയം ഒഴിവാകുകയായിരുന്നു. ധിഷണാശാലിയായ ആ മഹാപണ്ഡിതൻ 1957 ജൂൺ 25ന് ഈ ലോകത്തോട് വിട പറഞ്ഞു.

## വിനയത്തോടെ നടക്കുക

**അ**ഹങ്കാരിയായ വക്കീൽ ദൈവഭക്തനായ വൃദ്ധനോട് ചോദിച്ചു: 'എന്തുകൊണ്ടാണ് നിങ്ങൾ എന്നെപ്പോലെ തല ഉയർത്തിപ്പിടിക്കാത്തത്? ഞാൻ ആരുടെ മുമ്പിലും തല കുനിക്കാറില്ല!'

അടുത്തുള്ള വയലിലേക്ക് ചൂണ്ടി കർഷകൻ മറുപടി പറഞ്ഞു: 'തലയിൽ ഒന്നുമില്ലാത്ത കതിരുകൾ മാത്രം നിവർന്നു നിൽക്കുന്നു. അകത്ത് കാമ്പുള്ള കതിരുകൾ കുനിഞ്ഞുനിൽക്കുന്നു.' വൃദ്ധന്റെ മറുപടി കേട്ട് വക്കീൽ ഇളിഭ്യനായി.

ജൗഹറുദ്ദീൻ പാലക്കുറ്റി

# ഖലീഫയുടെ വിധി

**പ**ണ്ടുപണ്ട് അറേബ്യയിൽ നല്ലവരായ രണ്ട് കച്ചവടക്കാർ ജീവിച്ചിരുന്നു; അബ്ബാസും ഖാലിദും. അബ്ബാസ് തന്റെ ഭൂമിയുടെ ഒരു ഭാഗം ഖാലിദിനു വിറ്റു. ഖാലിദ് കൃഷി ചെയ്യാൻ വേണ്ടി ആ ഭൂമിയിൽ കിളയ്ക്കുകയായിരുന്നു. അപ്പോഴാണ് മൺവെട്ടിയിൽ എന്തോ തടഞ്ഞത്. നോക്കുമ്പോൾ, ഒരു കുടം സ്വർണനാണയങ്ങൾ!

ഈ കുടവുമായി ഖാലിദ് അബ്ബാസിനടുത്തെത്തി പറഞ്ഞു:

'സുഹൃത്തേ, നിങ്ങൾ എനിക്കു വിറ്റ ഭൂമിയിൽ നിന്ന് കിട്ടിയതാണിത്. അതുകൊണ്ട് ഈ സ്വർണം താങ്കൾക്കുള്ളതാണ്. ഞാൻ ഭൂമി മാത്രമാണല്ലോ താങ്കളിൽനിന്ന് വാങ്ങിയത്.'

ഇത് കേട്ട അബ്ബാസ് പറഞ്ഞു:

'ഹേയ്, ഞാൻ നിങ്ങൾക്ക് ഭൂമിയോടൊപ്പം അതിലുള്ളതെല്ലാം വിറ്റിട്ടുണ്ട്, അതുകൊണ്ട് ഈ സ്വർണനാണയങ്ങൾ താങ്കൾക്കുള്ളതാണ്.'

അങ്ങനെ അവർ തർക്കമായി. ഒടുവിൽ അവർ ഖലീഫയുടെ അടുത്തെത്തി പ്രശ്നം അവതരിപ്പിച്ചു. ഇതുകേട്ട ഖലീഫ സ്വല്പം ആലോചിച്ച ശേഷം ചോദിച്ചു: 'നിങ്ങൾക്ക് വിവാഹപ്രായമെത്തിയ മക്കളുണ്ടോ?'

അബ്ബാസ് പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ, എനിക്കൊരു മകളുണ്ട്.'

ഖാലിദ് പറഞ്ഞു: 'തിരുമനസ്സേ, എനിക്കൊരു മകനുണ്ട്.'

ഇതുകേട്ട് ഖലീഫ വിധി പറഞ്ഞു: 'അബ്ബാസ്, താങ്കളുടെ മകളെ ഖാലിദിന്റെ മകന് വിവാഹം ചെയ്തു കൊടുക്കൂ. ഈ സ്വർണത്തിൽ നിന്നൊരു ഭാഗം ആ പെൺകുട്ടിക്ക് മഹ്റായി നൽകണം, ബാക്കിവരുന്നത് സ്വദഖ നൽകണം.'

ഇതു കേട്ട് ഇരുവരും സന്തോഷത്തോടെ പിരിഞ്ഞു പോയി.

# ആട്ടിൻ കുട്ടിയുടെ പാട്ട്







ചെന്നായ അടുത്തെത്തിയപ്പോൾ,
സുഹൃത്തേ, താങ്കൾക്ക് നന്ദി പറയാൻ യജമാനൻ അയച്ചതാണെന്നെ.
ങേ, നന്ദി പറയാനോ? എന്തിന്?
മറ്റു ചെന്നായ്ക്കളെ പോലെ ആടുകളെ ഉപദ്രവിക്കുന്ന ശീലം അങ്ങേയ്ക്കില്ലെന്നാണ് യജമാനൻ പറഞ്ഞത്.
തേടിയവള്ളി കാലിൽ ചുറ്റി!
അതിനുള്ള പ്രതിഫലമായി താങ്കൾക്ക് ഭക്ഷണമായി യജമാനൻ അയച്ചതാണെന്നെ.
അങ്ങേക്ക് ഭക്ഷണമാകാൻ ഞാൻ റെഡിയാണ്. പക്ഷേ, ഒരു കാര്യമുണ്ട്.
എന്തു കാര്യം?
എനിക്ക് മനോഹരമായ ശബ്ദമുണ്ട്. എന്റെ പാട്ടു കേട്ട ശേഷം എന്നെ തിന്നാൽ നല്ല രുചിയുണ്ടാവും.
അതു കൊള്ളാം. എങ്കിൽ വേഗം പാടൂ.
മ്ഹേ... മ്ഹേ...
ഹായ്, മനോഹരമായ ശബ്ദം. സുന്ദരമായ സംഗീതം!


ആട്ടിൻകുട്ടിയെ അന്വേഷിച്ച് നടക്കുകയായിരുന്നു ഇടയൻ,
ങ്ങേ, അവന്റെ ശബ്ദമാണല്ലോ കേൾക്കുന്നത്. പോയി നോക്കാം.
ഇടയൻ കാട്ടിലൂടെ ഒളിഞ്ഞുനോക്കുമ്പോൾ,
ങ്ങേ, ഒരു ചെന്നായയല്ലേ അത്! നിന്റെ സംഗീതാസ്വാദനം ഇപ്പോൾ ശരിയാക്കിത്തരാം.
ഹമ്മേ!
ഹമ്പട! എന്റെ ആട്ടിൻകുട്ടിയെ ശാപ്പിടാനാണോ ഭാവം!
ഹാവൂ, ഒരുവിധം പാടി രക്ഷപ്പെട്ടു!'

മുഹ്സിന കെ.കെ കിടങ്ങയം



# പുതപ്പ്

**ഒ**രിക്കൽ ഒരു സ്ത്രീ തിരുനബി(സ)യുടെ സന്നിധിയിൽ വന്ന് ഒരു പുതപ്പ് സമ്മാനിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഇത് ഞാൻ അങ്ങയെ അണിയിക്കാൻ വേണ്ടി സ്വന്തമായി നെയ്തുണ്ടാക്കിയതാണ്.' മുത്തുനബി(സ) ആ പുതപ്പ് സ്വീകരിച്ചു. പിന്നീട് ആ പുതപ്പണിഞ്ഞുകൊണ്ട് സഹാബികൾക്കു മുമ്പിലെത്തി. ആ പുതപ്പിന്റെ ഭംഗിയിൽ ആകൃഷ്ടനായ ഒരു സഹാബി ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ആ പുതപ്പ് എനിക്കു തരാമോ?'

ബാക്കിയുള്ളവർ ആ സ്വഹാബിയെ ആക്ഷേപിക്കാൻ തുടങ്ങി: 'താങ്കൾ ചെയ്തത് ശരിയായില്ല. തിരുനബി(സ)ക്കത് ആവശ്യമുണ്ടെന്നും ചോദിക്കുന്നവരെയൊന്നും അവിടുന്ന് നിരാശപ്പെടുത്താറില്ലെന്നും താങ്കൾക്കറിയില്ലേ?

അപ്പോൾ ആ സ്വഹാബി മറുപടി നൽകി: 'അല്ലാഹുവാണേ, എനിക്ക് ധരിക്കാൻ വേണ്ടിയല്ല; ഞാൻ മരണപ്പെട്ടാൽ എന്റെ കഫൻ വസ്ത്രമാക്കാൻ വേണ്ടിയാണ് ഞാനത് ചോദിച്ചത്.' ഹദീസ് നിവേദനം ചെയ്ത സഹ്ൽ(റ) പറഞ്ഞു: 'ആഗ്രഹം പോലെ ആ പുതപ്പ് അദ്ദേഹത്തിന്റെ കഫനായി മാറി.' (അവലംബം: ഇബ്‌നുമാജ)

## വഴി കാണിക്കാമോ?

പൂവിലെത്താൻ വഴിയറിയാതെ വിഷമിച്ചിരിക്കുന്ന കുഞ്ഞിത്തേനീച്ചയെ സഹായിക്കാമോ?



## എണ്ണമെഴുതാം

ഓരോ കൂട്ടിലുമുള്ള അറകളുടെ എണ്ണം വൃത്തത്തിൽ എഴുതിക്കോളൂ...



## വരക്കാൻ പഠിക്കാം



## നിറം നൽകാമോ?



## വ്യത്യാസങ്ങൾ കണ്ടെത്തൂ...





Story Line

## *The Hare and the Tortoise*



There was a Hare who loved to boast of his speed in front of other animals. One day he challenged: 'Is there anyone to compete with me? No one can defeat me.' While everyone stood hesitated, Tortoise took up the challenge. Everyone was surprised that the very slow running tortoise took up the challenge.

So, a day was fixed for the bet and all animals of the

# ആമയും മുയലും

മറ്റു മൃഗങ്ങളുടെ മുന്നിൽ തന്റെ വേഗത പറഞ്ഞ് അഭിമാനം കൊള്ളുന്ന ഒരു മുയലുണ്ടായിരുന്നു. ഒരു ദിവസം അവൻ വെല്ലുവിളിച്ചു: എന്നോടു മത്സരിക്കാൻ ആരെങ്കിലും തയ്യാറുണ്ടോ? എന്നെ തോൽപ്പിക്കാൻ ആർക്കും കഴിയില്ല. മറ്റുള്ളവരെല്ലാം മടിച്ചു നിന്നപ്പോൾ ഒരു ആമ ആ വെല്ലുവിളി ഏറ്റെടുത്തു. വളരെ സാവധാനത്തിൽ ഓടുന്ന ആമ വെല്ലുവിളി ഏറ്റെടുത്തതിൽ എല്ലാവരും അത്ഭുതപ്പെട്ടു.

അങ്ങനെ, പന്തയത്തിന് ഒരു ദിവസം നിശ്ചയിച്ചു, എല്ലാവരും പന്തയം കാണാൻ ഒത്തുകൂടി. ആമയും മുയലും മത്സരത്തിനു തയ്യാറായി. ഉറക്കെ ചിന്നം വിളിച്ച് ആന മത്സരത്തിന് തുടക്കം കുറിച്ചു. എല്ലാ കണ്ണുകളും മത്സരാർത്ഥികളിലായി.



jungle gathered to see the race. The tortoise and the hare are ready for the race. The elephant started the competition by a loud whistle. All eyes were on the competitors.

The hare quickly ran away out of sight. But, he stopped for a while. He fell for a small nap on the way to show that the tortoise was not his rival. Without looking back, the tortoise slowly ran towards the goal, and when the hare woke up, the tortoise was nearing the finishing lane. He jumped up and tried to catch up, but it was too late.

To everyone's amazement, the tortoise crossed the finishing line first. It was an incredible success. The here was humbled. So everyone learned a very good lesson from the tortoise.

---

മുയൽ പെട്ടെന്നോടി കാഴ്ചയിൽ നിന്ന് മറഞ്ഞു. പക്ഷേ, താമസിയാതെ ഓട്ടം നിർത്തി. ആമ തനിക്ക് ചേർന്ന എതിരാളിയല്ലെന്ന് കാണിക്കാൻ വഴിമധ്യേ അവനൊന്ന് ഉറങ്ങാൻ കിടന്നു.

ആമ തിരിഞ്ഞുനോക്കാതെ സാവധാനം ലക്ഷ്യത്തിലേക്ക് കുതിച്ചു, മുയൽ ഉറക്കത്തിൽ നിന്നുണർന്നപ്പോൾ ആമ ഫിനിഷിംഗ് ലൈനിനു സമീപമെത്തിയിരുന്നു. മുയൽ ചാടിയെഴുന്നേറ്റ് ഒപ്പമെത്താൻ ശ്രമിച്ചെങ്കിലും വൈകിപ്പോയി.

എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട്, ആമ ഫിനിഷിംഗ് ലൈൻ കടന്നു. അവിശ്വസനീയമായ വിജയമായിരുന്നു അത്. മുയൽ ഇളിഭ്യനായി. അങ്ങനെ എല്ലാവരും ആമയിൽ നിന്ന് വളരെ നല്ലൊരു പാഠം പഠിച്ചു.

# AUXILIARY VERBS

## USE OF 'MAY'

**'May'** is a modal verb most commonly used to express possibility. It can also be used to give or request permission, although this usage is becoming less common.

**We use *may*:**

**1. when we are not sure about something in the present or future:**

Examples:

Jack may be coming to see us tomorrow.

*(Perhaps Jack will come to see us tomorrow)*

Oh dear! It's half past ten. We may be late for the meeting.

*(Perhaps we will be late for the meeting)*

She's had no sleep. She may be tired.

*(Perhaps she is tired)*

**2. To ask for permission in a formal way:**

Examples:

May I borrow the car tomorrow?

May we come a bit later?

**3. To give permission in a formal way:**

Examples:

You may go now.

You may come at eleven if you wish.

**4. To say that someone has permission in a formal way:**

Examples:

Students may travel for free.

**We can use may not to refuse permission or to say that someone does not have permission, but it is formal and emphatic:**

*You may not borrow the car*

*Students may not wear jeans.*

## Poem

# The feast of freshness



The cock got a fish,
The fish was very fresh.
The hen got some rice,
The rice was very nice.
They made the dinner,
The dinner was delicious.

**Salam Thirumala**

**Thought for the Month**

A blind man once asked a wise man, "Can there be anything worse than losing one's eye sight?"The wise man replied, "Yes, losing one's vision."


Master
Imitable
How was the exam?
Good, It was simple and I could answer well, Alhamdulillah.
Would you like to see my garden?
Yes, let's go.
Be careful, some seeds have been sown there.
Which seeds?
Few Pease seeds. My father brought it from the market.
It's beautiful to see these flowers
Adil, which tree is that?
That is a guava tree.


This guava tree is five years old. I planted it.
Well done. Does it have ripe fruits on it?
Look up, there are two.
Can you give me a guava to taste?
Sure. Let's get it with this fruit picker.
Two have fallen down. Take it.
Hum. Both seem to be well ripened.
Wash well before eating.
Sure. Nipah has taught us many lessons, hasn't it?
Thanks Adil, it tastes good. May God bless you.
Thanks a lot!

# WORD PUZZLE

Read the story 'The hare and the tortoise', fill the puzzle using underlined words and try to find out the meaning using dictionary.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| N | A | P | | | | | | | |
| H | | | E | | | | | | |
| | | | L | | | | | | |
| | A | | | | | | | | |
| | O | | | T | | | | | |
| C | | T | | | | | | | |
| L | | | S | | N | | | | |
| | | | | | L | E | | | |
| | O | R | | | | S | | | |
| E | | | P | | | N | | | |
| | M | A | | | | | | T | |
| C | O | | | | T | | | | R |



The Hare and The Tortoise

## Name me



A ________



A ________



A ________

Answers: Ant, Apple, Ape

## Sudoku

| | | | | | |
|---|---|---|---|---|---|
| | 2 | | 3 | 6 | |
| | | | 5 | | 2 |
| 1 | 5 | | | | 4 |
| 2 | | 3 | 1 | 5 | 6 |
| 4 | 3 | | 6 | 1 | |
| 6 | 1 | | 4 | 2 | |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE, CALICUT - 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**